2025FEBRUARY
01
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ബ്രിക്സിന് മുന്നറിയിപ്പുമായി ട്രംപ്; ഡോളറിൽ തൊട്ടുകളിച്ചാൽ തീക്കളി

**വാഷിംഗ്ടൺ:** ഡോളറിൽ തൊട്ടുകളിച്ചാൽ ആ കളി തീക്കളിയാണെന്നു ഭീഷണിപ്പെടുത്തി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്.

അന്താരാഷ്ട്ര വ്യാപാരത്തിൽ ഡോളറിനു പകരമായി മറ്റേതെങ്കിലും കറൻസി ഉപയോഗിക്കുന്നതിനെതിരേ ഇന്ത്യ ഉൾപ്പെടുന്ന ബ്രിക്സ് രാജ്യങ്ങൾക്ക് ട്രംപ് വീണ്ടും മുന്നറിയിപ്പു നൽകി.



ഡോളറിനു പകരം മറ്റ് കറൻസി ഉപയോഗിച്ചാൽ ബ്രിക്സ് രാജ്യങ്ങൾക്ക് 100 ശതമാനം നികുതി ചുമത്തുമെന്നാണ് ട്രംപിൻറെ ഭീഷണി. സ്വന്തം സാമൂഹികമാധ്യമ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിലാണ് ട്രംപ് ഭീഷണി മുഴക്കിയത്. ഇന്ത്യയെ കൂടാതെ ബ്രസീൽ, റഷ്യ, ചൈന, ദക്ഷിണാഫ്രിക്ക, ഈജിപ്ത്, എത്യോപ്യ, ഇന്തോനേഷ്യ, ഇറാൻ, യുഎഇ എന്നീ രാജ്യങ്ങളാണു ബ്രിക്സ് കൂട്ടായ്മയിലുള്ളത്.

യുഎസ് ഡോളറിനുപകരമായി പുതിയ ബ്രിക്സ് കറൻസി സൃഷ്ടിക്കുകയോ മറ്റൊരു കറൻസി പകരംവയ്ക്കുകയോ ചെയ്യില്ലെന്ന് ബ്രിക്സ് രാജ്യങ്ങളിൽനിന്ന് ഉറപ്പു ലഭിക്കണം. അതല്ലെങ്കിൽ 100 ശതമാനം നികുതി നേരിടേണ്ടിവരും.

അമേരിക്കൻ വിപണിയോടു ഗുഡ്ബൈ പറയേണ്ടിയും വരും ട്രംപ് പറഞ്ഞു. മുൻപും ഡോളറിനെതിരായ ബ്രിക്സ് നീക്കത്തെ ട്രംപ് എതിർത്തിട്ടുണ്ടെങ്കിലും ആദ്യമായാണ് ഇത്രയും ശക്തമായ ഭാഷയിൽ ഭീഷണിമുഴക്കുന്നത്. 2009 ൽ രൂപവത്കരിച്ച ബ്രിക്സ്, യുഎസ് ഭാഗമല്ലാത്ത ഒരേയൊരു പ്രധാനപ്പെട്ട അന്താരാഷ്ട്ര വ്യാപാര സഖ്യമാണ്.

ഏതാനും വർഷങ്ങളായി ബ്രിക്സിലെ അംഗരാജ്യങ്ങളായ റഷ്യയും ചൈനയും, യുഎസ് ഡോളറിനു പകരമായി ബദൽ കണ്ടെത്താൻ ശ്രമിക്കുകയാണ്. എന്നാൽ ഇന്ത്യ ഡോളറിനെ തളർത്തുന്നതിന് എതിരാണ്. ഇന്ത്യ ഒരിക്കലും ഡീഡോളറൈസേഷനെ അനുകൂലിച്ചിട്ടില്ലെന്നും ബ്രിക്സ് കറൻസി വേണമെന്ന നിർദേശം മുന്നോട്ടുവച്ചിട്ടില്ലെന്നും ഡിസംബറിൽ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പറഞ്ഞിരുന്നു.

# രാജ്യം വികസന പാതയിൽ, എല്ലാവരും തുല്യർ; രാഷ്ട്രപതി ദ്രൗപതി മുർമു



**ന്യൂഡൽഹി:** യുവാക്കളുടെ വിദ്യാഭ്യാസത്തിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഇരുസഭകളെയും അഭിസംബോധന ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു നയപ്രഖ്യാപന പ്രസംഗത്തിന് മുന്നോടിയായി സംസാരിക്കുകയായിരുന്നു. രാജ്യം വികസന പാതയിലാണെന്നും എല്ലാവർക്കും തുല്യ പരിഗണന നൽകുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു. മുൻ സർക്കാരുകളേക്കാൾ മൂന്നിരിട്ടി വേഗത്തിലാണ് മൂന്നാം മോദി സർക്കാർ പ്രവർത്തിക്കുന്നത്. മൂന്ന് കോടി കുടുംബങ്ങൾക്ക് പുതിയ വീടുകൾ നിർമിക്കുന്നതിനായി പ്രധാനമന്ത്രി ആവാസ് യോജന വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ബില്ലിലേക്കും വഖഫ് ഭേദഗതി ബില്ലിലേക്കും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും. ഇൻറൺഷിപ്പ് പദ്ധതി നിരവധി യുവാക്കൾക്ക് ഉപകാരപ്രദമായിയെന്നും ദ്രൗപദി മുർമു പറഞ്ഞു. പിഎം കിസാൻ പദ്ധതിയെയും ആയുഷ്മാൻ ഭാരത് പദ്ധതികളെയും രാഷ്ട്രപതി ഉയർത്തിക്കാട്ടി. വന്ദേ ഭാരത് അടക്കം പുതിയ മോഡൽ ട്രെയിനുകൾ രാജ്യത്തിൻറെ റെയിൽവേ വികസനത്തിൽ നിർണ്ണായകമായിയെന്നും ദ്രൗപതി മുർമു കൂട്ടിച്ചേർത്തു.

ദാരിദ്ര്യ നിർമ്മാർജനത്തിനാണ് സർക്കാരിൻറെ പ്രഥമ പരിഗണന. ഇന്ത്യ ഉടൻ ലോകത്തെ മൂന്നാം സമ്പദ് ശക്തിയാകും. മധ്യവർഗത്തിന് വലിയ പ്രാധാന്യം നൽകുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ ക്ഷേമത്തിനായാണ് യൂണിഫൈഡ് പെൻഷ പദ്ധതി കൊണ്ടുവന്നത്. നികുതി ഭാരം കുറയ്ക്കാനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും രാഷ്ട്ര പതി പറഞ്ഞു.



# കേന്ദ്ര ബജറ്റ് ഇന്ന്; പ്രഖ്യാപനങ്ങൾ കാത്ത് രാജ്യം

**ന്യൂഡൽഹി:** മൂന്നാം മോദി സർക്കാരിൻറെ ആദ്യ സമ്പൂർണ ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് അവതരിപ്പിക്കും. നിലവിലെ ആദായ നികുതി സ്ലാബുകളിൽ മാറ്റമുണ്ടായേക്കുമെന്നാണ് സൂചന.

നിലവിൽ മൂന്ന് ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് ആദായ നികുതി ഇല്ല. എന്നാൽ ഇത്തവണത്തെ ബജറ്റിൽ അത് അഞ്ച് ലക്ഷമായി ഉയ!ർത്തണമെന്ന ആവശ്യം ശക്തമാണ്. പഴയ നികുതി വ്യവസ്ഥയിൽ 2.50 ലക്ഷം രൂപ വരെ വരുമാനമുള്ളവരാണ് നികുതി ബാധ്യത ഇല്ലാത്തവർ.

സാമ്പത്തിക പ്രതിസന്ധി മറികടക്കാനും വിലക്കയറ്റം പിടിച്ചു നിർത്താനും നികുതിയിലുമൊക്കെ എന്തൊക്കെ പ്രഖ്യാപനങ്ങളുണ്ടാകുമെന്നാണ് രാജ്യം ഉറ്റുനോക്കുന്നത്.

കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും നികുതിയിൽ ഉണ്ടായ കുറവും മൂലം കേരളത്തിനുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാൻ 24,000 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കണമെന്നാണ് കേരളത്തിൻറെ ആവശ്യം.

മുണ്ടക്കൈ ചൂരൽമല ദുരന്ത ബാധിതരുടെ പുനരധിവാസം, വിഴിഞ്ഞം തുറമുഖം, മനുഷ്യ വന്യജീവി സംഘർഷത്തിന് പരിഹാരം എന്നിവ ഉൾക്കൊള്ളുന്ന പ്രത്യേക പാക്കേജ് ആണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.



# ഡൗൺസിൻഡ്രോം ട്രസ്റ്റ്: അവാർഡിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഡൗൺസിൻഡ്രോം അവസ്ഥയിലുള്ള കുട്ടികളുടെ കരുതലിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുന്ന ഡൗൺസിൻഡ്രോം ട്രസ്റ്റ് (ദോസത്) ഏർപ്പെടുത്തിയിരിക്കുന്ന ദോസ്ത് സെൽഫ് അഡ്വക്കേറ്റ്, ദോസ്ത് ജനറൽ വിഭാഗം അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. മാതൃകാപരമായ ഇടപെടലുകളും പ്രവർത്തനങ്ങളും വഴി സമൂഹത്തിന് പ്രചോദനമാകുന്ന വിധത്തിൽ പ്രവർത്തിക്കുന്ന കേരളത്തിൽ നിന്നുള്ള 21 വയസ്സിന് മുകളിലുള്ള ഡൗൺ സിൻഡ്രോം അവസ്ഥയിലുള്ള വ്യക്തികൾക്കാണ് സെൽഫ് അഡ്വക്കേറ്റ് അവാർഡ് നൽകുന്നത്. ബുദ്ധിപരമായ വൈകല്യമുള്ള വ്യക്തികളുടെ ക്ഷേമത്തിനായി ശ്രദ്ധേയമായ സംഭാവനകൾ നൽകിയ കേരളത്തിൽ നിന്നുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണ് ദോസ്ത് ജനറൽ വിഭാഗം അവാർഡ് നൽകുന്നത്. യോഗ്യരായ വ്യക്തികൾ തങ്ങളുടെ പേര്, ജനനത്തീയതി,ലിംഗം അല്ലെങ്കിൽ സ്ഥാപനത്തിന്റെ പേര്, ചുമതലയുള്ള വ്യക്തിയുടെ പേര്, വിലാസം,മേഖലയിലെ പ്രവർത്തനങ്ങളുടെ സമഗ്രമായ വിവരങ്ങൾ, രണ്ടു സാക്ഷികളുടെ പേര്, വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ ഫോട്ടോ, ഡൗൺസിൻഡ്രോം ഉള്ളവരാണെങ്കിൽ കാരിയോടൈപ്പ് രേഖ എന്നിവ ഉൾപ്പെടെ 2025 മാർച്ച് ഒന്നിനു മുമ്പായി ഡോ. ഷാജി തോമസ് ജോൺ, ചെയർമാൻ, ഡൗൺ സിൻഡ്രോം ട്രസ്റ്റ്, ബേബി മെമ്മോറിയൽ ആശുപത്രി, ഐ ജി റോഡ്,കോഴിക്കോട് 673004, ഫോൺ: 9447218400 എന്ന വിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കണം



# നഴ്സിംഗ് വിദ്യാഭാസത്തിൽ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തെകുറിച്ച് അമൃത നഴ്സിംഗ് കോളേജിൽ ശില്പശാല

**കൊച്ചി:** അമൃത കോളേജ് ഓഫ് നഴ്സിംഗിന്റെ ആഭിമുഖ്യത്തിലാണ് അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസിൽ ശില്പശാല സംഘടിപ്പിച്ചത്. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നഴ്സിംഗ് വിദ്യാർത്ഥികൾ, അധ്യാപകർ, വിദ്യാഭ്യാസ രംഗത്തെ വിദഗ്ദർ എന്നിവർ ശില്പശാലയുടെ ഭാഗമായി. നഴ്സിംഗ് വിദ്യാഭ്യാസ രംഗത്തെ ഫലപ്രദമായ ക്ലാസ്റൂം മാനേജ്മെന്റ്, സജീവമായ പഠന രീതികൾ, പ്രതിഫലന രീതികൾ എന്നീ വിഷയങ്ങളിൽ ആഴത്തിലുള്ള അറിവ് പകർന്ന ശില്പശാലയുടെ ഉദ്ഘാടനവും അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. കെ. ടി. മോളി നിർവഹിച്ചു. നഴ്സിംഗ്, വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദർ സെഷനുകൾക്ക് നേതൃത്വം നൽകി. തൃശൂർ ജൂബിലി മിഷൻ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, പ്രമുഖ സംരംഭകനും സ്റ്റാർട്ടപ്പ് പരിശീലകനുമായ ശ്രീ. അജയ് ബേസിൽ വർഗീസ് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.




# കോന്നി മെഡിക്കൽ കോളേജ്: ഫോറൻസിക് ബ്ലോക്ക് ഉദ്ഘാടനം മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം നിർവഹിക്കും

**പത്തനംതിട്ട:** കോന്നി മെഡിക്കൽ കോളേജ് ഫോറൻസിക് ബ്ലോക്കിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10 മണിക്ക് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. കെ.യു. ജനീഷ് കുമാർ എം.എൽ.എ. അധ്യക്ഷത വഹിക്കും.

2.09 കോടി രൂപ ചെലവഴിച്ചുള്ള ഫോറൻസിക് ബ്ലോക്കിൽ അത്യാധുനിക സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഫോറൻസിക് വിഭാഗത്തിന്റെ ഭാഗമായ മോർച്ചറി ബ്ലോക്കിൽ മജിസ്ട്രീരിയൽ, പോലീസ് ഇൻക്വസ്റ്റ് റൂമുകൾ, മൃതദേഹങ്ങൾ സൂക്ഷിക്കാനുള്ള 10 കോൾഡ് ചേമ്പർ, പോസ്റ്റ് മോർട്ടം ചെയ്യാനുള്ള 4 ഓട്ടോപ്സി ടേബിൾ, മെഡിക്കൽ ഓഫീസർ റൂം, സ്റ്റാഫ് റൂമുകൾ, റിസപ്ഷൻ എന്നിങ്ങനെയാണ് സജ്ജമാക്കിയിരിക്കുന്നത്.

കേരളത്തിലെ മികച്ച മെഡിക്കൽ കോളേജുകളിൽ ഒന്നാക്കി മാറ്റാനായി കോന്നി മെഡിക്കൽ കോളേജിൽ വലിയ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഈ സർക്കാരിന്റെ കാലത്താണ് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമായി കോന്നി മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കിയത്. നിലവിൽ മൂന്ന് ബാച്ചുകളിലായി 300 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. 2023 ഡിസംബറിൽ 38 തസ്തികകൾ കൂടി സൃഷ്ടിച്ചു. ഒന്നാം ഘട്ടത്തിൽ 167.33 കോടി രൂപ അനുവദിച്ച് 300 കിടക്കകളുള്ള ഹോസ്പിറ്റൽ ബ്ലോക്ക്, അക്കാദമിക് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി കിഫ്ബി വഴി 351.72 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി.

പീഡിയാട്രിക് ഐസിയു, ലക്ഷ്യ പദ്ധതി പ്രകാരം 3.5 കോടിയുടെ ലേബർ റൂം, വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഡീൻ വില്ല, ബ്ലഡ് ബാങ്ക് എന്നിവ യാഥാർത്ഥ്യമാക്കി. ജില്ലയിലെ ആദ്യത്തെ അത്യാധുനിക 128 സ്ലൈസ് സി.ടി സ്കാൻ സ്ഥാപിച്ചു. 200 കിടക്കകളുള്ള ആശുപത്രി കെട്ടിടം, 1000 സീറ്റുകളുള്ള ഓഡിറ്റോറിയം, അക്കാദമിക് ബ്ലോക്ക് ഫേസ് 2 എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ മന്ത്രി നിർദേശം നൽകിയിട്ടുണ്ട്.



# കമൽജിത് സിങ് ബ്ലാസ്റ്റേഴ്സ് ഗോൾകീപ്പർ

**കൊച്ചി:** ഗോൾകീപ്പർ കമൽജിത് സിങിനെ വായ്പാ കരാറിൽ ടീമിലെത്തിച്ച് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി. ഒഡീഷ എഫ്സിയിൽ നിന്നെത്തുന്ന താരം സീസൺ മുഴുവൻ ബ്ലാസ്റ്റേഴ്സിനായി കളിക്കും. ഇന്ത്യൻ സൂപ്പർ ലീഗ് (ഐഎസ്എൽ), ഐ ലീഗ് എന്നിവയിലെ സമ്പന്നമായ അനുഭവവുമായി എത്തുന്ന കമൽജിത്തിന്റെ സാന്നിധ്യം അവശേഷിക്കുന്ന സീസണിൽ ടീമിനെ ശക്തിപ്പെടുത്തുമെന്നാണ് ക്ലബ്ബിന്റെ പ്രതീക്ഷ.

1995 ഡിസംബർ 28ന് പഞ്ചാബിലായിരുന്നു കമൽജിതിന്റെ ജനനം. എഐഎഫ്എഫ് അക്കാദമിയിൽ നിന്ന് ഫുട്ബോൾ കരിയറിന് തുടക്കമിട്ട താരം, 2014ൽ സ്പോർട്ടിങ് ക്ലബ് ഡി ഗോവയിൽ ചേർന്ന് പ്രൊഫഷണൽ ഫുട്ബോളിലും വരവറിയിച്ചു. 2014 മുതൽ 2016 വരെ സ്പോർട്ടിങ് ഗോവക്കായി കളിച്ച് തന്റെ പ്രൊഫഷണൽ കരിയറിനും താരം തുടക്കമിട്ടു. 2014 ഒക്ടോബർ 29ന് ഡ്യൂറന്റ് കപ്പിൽ യുണൈറ്റഡ് എസ്സിക്കെതിരെയായിരുന്നു കമൽജിതിന്റെ അരങ്ങേറ്റം.

2017ൽ മിനർവ പഞ്ചാബിലെത്തി, ഇവിടെ ക്ലബ്ബിനായി രണ്ട് ഐ ലീഗ് മത്സരങ്ങളിൽ ഗോൾവല കാത്തു. ഇതേവർഷം എഫ്സി പൂനെ സിറ്റിയിൽ ചേർന്ന് ഇന്ത്യൻ സൂപ്പർ ലീഗിലും അരങ്ങേറി. 2019 വരെ ക്ലബ്ബിൽ തുടർന്ന താരം 11 ഐഎസ്എൽ മത്സങ്ങളിൽ കളിച്ച് വിലപ്പെട്ട അനുഭവവും സ്വന്തമാക്കി. 2020 സീസണിൽ ഹൈദരാബാദ് എഫ്സിക്കൊപ്പമായിരുന്നു. മികവാർന്ന പ്രകടനത്തിലൂടെ ടീമിൽ സ്ഥിരസാന്നിധ്യമായി, 12 മത്സരങ്ങളിൽ ഹൈദരാബാദിനായി കളിച്ചു. ഒഡീഷ എഫ്സിയായിരുന്നു അടുത്ത തട്ടകം, 2022 സീസണിൽ തുടർച്ചയായി 15 മത്സരങ്ങളിൽ ഗോൾവല കാത്തു. 2024 സീസണിൽ ഈസ്റ്റ് ബംഗാൾ എഫ്സിക്കായി 25 മത്സരങ്ങൾ കളിച്ച ശേഷം വീണ്ടും ഒഡീഷ എഫ്സിയിലേക്ക് മടങ്ങി. അണ്ടർ 19, അണ്ടർ 23 തലങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച 19കാരൻ 2014 ഏഷ്യൻ ഗെയിംസിനുള്ള ഇന്ത്യൻ സ്ക്വാഡിൽ ഇടംനേടി അന്താരാഷ്ട്ര അനുഭവവും നേടി.

കമൽജിത് സിങിനെ കേരള ബ്ലാസ്റ്റേഴ്സിലേക്ക് സ്വാഗതം ചെയ്യുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് പുതിയ സൈനിങിനെക്കുറിച്ച് സംസാരിച്ച കേരള ബ്ലാസ്റ്റേഴ്സ് എഫ്സി സ്പോർട്ടിങ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു. വിജയകരമായ ഒരു സീസൺ ലക്ഷ്യമിടുന്നതിനാൽ അദ്ദേഹത്തിന്റെ അനുഭവസമ്പത്തും കഴിവും ടീമിന് വിലപ്പെട്ടതായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരള ബ്ലാസ്റ്റേഴ്സിൽ ചേരുന്നത് തന്റെ കരിയറിലെ ഒരു സുപ്രധാന ചുവടുവയ്പ്പാണെന്ന് കമൽജിത് സിങ് പറഞ്ഞു. ടീമിന്റെ വിജയത്തിനായി സംഭാവന നൽകാനും, ടീമിന്റെ ആകെ ലക്ഷ്യവുമായി ബന്ധിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നുവെന്നും താരം കൂട്ടിച്ചേർത്തു.

# കാഴ്ചപരിമിതർക്ക് സാമ്പത്തിക ഇടപാടുകൾ എളുപ്പമാക്കാനുള്ള നൂതന സാങ്കേതിക വിദ്യ കണ്ടെത്തിയതിന് കുസാറ്റ് അദ്ധ്യാപകന് പേറ്റൻറ്



**കൊച്ചി:** കാഴ്ചപരിമിതർക്ക് സാമ്പത്തിക ഇടപാടുകൾ എളുപ്പമാക്കാനുള്ള നൂതന സാങ്കേതിക വിദ്യ വികസിപ്പിച്ച കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ഡോ ഷൈലേഷ് എസ്ന് പേറ്റൻറ് ലഭിച്ചു. സുരക്ഷിതമായ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിന് കാഴ്ചപരിമിതർ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനായി രൂപകൽപ്പന ചെയ്ത Voice Assisted Obtuse ATM എന്ന നൂതന സാങ്കേതിക വിദ്യക്കാണ് പേറ്റൻറ് ലഭിച്ചത്.

പ്രവർത്തനക്ഷമതയും ഉപയോഗക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമഗ്രമായ വോയിസ്ഗൈഡഡ് ഇൻറർഫേസ് ഈ സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ സെർവർ ലക്ഷ്യമാക്കിയുള്ള ആക്രമണങ്ങൾ ഒഴിവാക്കി സംരക്ഷണം ഉറപ്പാക്കുന്ന സാങ്കേതിക വിദ്യയും ഉപയോഗിച്ചിരിക്കുന്നു. കാർഡ് ഉപയോഗിക്കാതെതന്നെ ശബ്ദത്തിലൂടെ എടിഎം ഇടപാടുകൾ നടത്താൻ കഴിയുന്നു എന്നതാണ് ഇതിൻറെ പ്രത്യേകത.

ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രത്യേകമായി വികസിപ്പിച്ചെടുത്ത ഒരു വ്യക്തിഗത ഉപകരണം ഇതിനോടൊപ്പം നൽകിയിട്ടുണ്ട്.

അന്ധതയോ കാഴ്ചപരിമിതിയോ ഉള്ളവർക്ക് സുരക്ഷിതമായും സൗകര്യപ്രദമായും സാമ്പത്തിക ഇടപാടുകൾ നടത്താൻ ഇത് സഹായകമാവുന്നു.

# വേനൽ കടുത്തതോടെ റബർ ഉത്പാദനത്തിലും കുറവ്

**പത്തനംതിട്ട:** മഴക്കാലം ഒഴിഞ്ഞതോടെ മെച്ചപ്പെട്ട വില പ്രതീക്ഷിച്ചിരുന്ന റബർ കർഷകർക്ക് നിരാശ. ചൂട് കടുക്കുകയും ഇലകൊഴിച്ചിൽ ആരംഭിക്കുകയും ചെയ്തതോടെ രണ്ടാഴ്ചയ്ക്കകം ടാപ്പിംഗും പൂർണമായി നിലയ്ക്കും. വേനൽ കടുത്തതോടെ ഉത്പാദനത്തിലും കുറവുണ്ട്. എന്നാൽ രാത്രിയിലെ മഞ്ഞ് നേരിയ പ്രതീക്ഷ നൽകിയിരുന്നു.



അപ്പോഴും പ്രതീക്ഷിച്ച വില ലഭിക്കാത്തതു കർഷകരെ പ്രതിസന്ധിയിലാഴ്ത്തി. കിലോഗ്രാമിന് 250 രൂപയ്ക്കടുത്ത് ലഭിക്കുമെന്നാണ് കരുതിയത്. 200 പോലും ലഭിക്കുന്നില്ല. ഉത്പാദനച്ചെലവിന് ആനുപാതികമായി വില ലഭിക്കാതെ വന്നതോടെ റബർ കൃഷി ഉപേക്ഷിക്കുന്നവരുടെ എണ്ണവും കൂടി. ജില്ലയിൽ വൻകിട തോട്ടങ്ങളിലടക്കം ടാപ്പിംഗ് നിലച്ചിരിക്കുകയാണ്. ചെറുകിട റബർ ടാപ്പിംഗ് മേഖലയിൽ തൊഴിലാളി ക്ഷാമത്തിന് അറുതിയായത് വരുമാനം പങ്കിടുന്നതു കൊണ്ടാണ്. ഒരു തോട്ടത്തിൽനിന്ന് പത്ത് ഷീറ്റ് ലഭിച്ചാൽ അഞ്ചെണ്ണം തൊഴിലാളിക്ക് എന്നതാണ് ഇപ്പോഴത്തെ ധാരണ. ഇതര സംസ്ഥാനക്കാരും ടാപ്പിംഗ് മേഖലയിലേക്ക് കടന്നത് നേരിയ ആശ്വാസമായി.

ഉത്പാദനച്ചെലവിൻറെ നഷ്ടം സഹിച്ചാണ് ടാപ്പിംഗ്. വളം, മഴമറ തുടങ്ങിയ ചെലവുകൾ ഉടമകൾതന്നെ വഹിക്കുകയാണ്. മരങ്ങൾ നശിച്ചുപോകാതിരിക്കാൻവേണ്ടിയാണ് ഇപ്പോഴത്തെ ടാപ്പിംഗ് എന്ന് കർഷകർ പറയുന്നു. ജില്ലയിൽ 1.80ലക്ഷം റബർ കർഷകരെങ്കിലും ഉണ്ടെന്നാണ് കണക്ക്.

റബർ ഉത്പാദനം കൂട്ടാൻ തയാറെങ്കിലും സ്ഥിരവരുമാനം ഉറപ്പാക്കണമെന്നാണ് കർഷകർ പറയുന്നത്. നിലവിൽ ടാപ്പിംഗ് നടക്കാതെവന്ന തോട്ടങ്ങളിലെ റബർ വെട്ടിമാറ്റി തരിശിട്ടിരിക്കുകയാണ്. മറ്റു കൃഷികൾ നടത്താൻ പന്നിയും മറ്റ് കാട്ടുമൃഗങ്ങളും അനുവദിക്കാതെ വന്നതോടെ തരിശിടാനേ നിർവാഹമുള്ളൂവെന്ന് കർഷകർ പറയുന്നു. റബർത്തടിക്കു മെച്ചപ്പെട്ട വില ഉണ്ടായിരുന്നതിനാൽ വൻതോതിൽ തോട്ടങ്ങൾ അപ്രത്യക്ഷമായിട്ടുണ്ട്. കേന്ദ്ര ബജറ്റിൽ കർഷകർക്കു പ്രതീക്ഷയുണ്ട്. പിന്നാലെ സംസ്ഥാന ബജറ്റും വരുന്നുണ്ട്. താങ്ങുവില ഉയർത്തണമെന്നാണ് ആവശ്യം. ആസിയാൻ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി കുറഞ്ഞെങ്കിലും ഇന്ത്യൻ വിപണികളിൽ അതിൻറെ ഗുണം ലഭിക്കുന്നില്ല. ഇടനിലക്കാരും വൻകിട റബർ കമ്പനികളുമാണ് വില കൂട്ടാതെ വിപണിയിൽ കളിക്കുന്നത്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ റബർ കൃഷി വ്യാപകമായത് സംസ്ഥാനത്തിന് തിരിച്ചടിയാകുമെന്നാണ് കരുതപ്പെട്ടിരുന്നത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബർ ബോർഡ് നേരിട്ട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാൽ വില താഴേക്കു പോകില്ലെന്നാണ് സൂചന.

# മെട്രോ കാത്ത് അങ്കമാലി: ഡിപിആറിന് ടെൻഡർ ക്ഷണിച്ചതോടെ പ്രതീക്ഷ

കൊച്ചി: ജില്ല ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന നെടുമ്പാശേരി വഴിയുള്ള ആലുവഅങ്കമാലി മെട്രോ മൂന്നാംഘട്ട പാതയ്ക്കുള്ള പ്രാരംഭ നടപടികൾക്ക് തുടക്കം. ആദ്യപടിയായി വിശദപദ്ധതി രേഖ (ഡിപിആർ) തയാറാക്കുന്നതിന് നിർവഹണ ഏജൻസിയായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കൺസൾട്ടൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു.

നിലവിലെ മെട്രോപാത പോലെ റോഡിന് മുകളിൽ തൂണുകളിൽ താങ്ങിനിർത്തുന്ന നിലയിലോ ഭൂമിക്കടിയിലൂടെയോ ഏതാണ് സാമ്പത്തികമായി ഏറ്റവും അനുയോജ്യവും കാര്യക്ഷമവും എന്നതടക്കം പരിശോധിച്ച് ഡിപിആർ തയാറാക്കണമെന്നാണ് കെഎംആർഎൽ നൽകിയിരിക്കുന്ന നിർദേശം. ആറു മാസത്തിനുള്ളിൽ ഡിപിആർ സമർപ്പിക്കണം.

ഏറ്റെടുക്കേണ്ട സ്ഥലവും മാറ്റിപ്പാർപ്പിക്കേണ്ടവരുടെ എണ്ണവും പരമാവധി കുറയ്ക്കണം. അങ്കമാലി പാത ഭാവിയിൽ ഗിഫ്റ്റ് സിറ്റി പ്രദേശത്തേക്ക് നീട്ടുന്നതുസംബന്ധിച്ച് റിപ്പോർട്ട് തയാറാക്കാനും നിർദേശമുണ്ട്. പാതയുടെ ദൈർഘ്യം, സ്റ്റേഷനുകളുടെയും യാത്രക്കാരുടെയും എണ്ണം, സ്ഥലം ഏറ്റെടുക്കാനുള്ള ചെലവ്, സമയം തുടങ്ങിയ ഘടകങ്ങളും ഡിപിആറിൽ ഉണ്ടാകണമെന്നും നിർദേശമുണ്ട്.

ഇത്തരത്തിൽ തയാറാക്കുന്ന വിശദപദ്ധതി രേഖ കെഎംആർഎലിൻറെ ടെക്നിക്കൽ, ഫിനാൻഷ്യൽ ഡിപ്പാർട്ടുമെൻറുകൾ സൂക്ഷ്മമായി പരിശോധിക്കും. ആവശ്യമായ തിരുത്തലുകൾ വരുത്തിയശേഷം പരിഷ്കരിച്ച ഡിപിആർ സംസ്ഥാന സർക്കാരിന് സമർപ്പിക്കും. സംസ്ഥാന സർക്കാരിൻറെ ഭാഗത്തെ നടപടികൾ പൂർത്തീകരിച്ച് കേന്ദ്രസർക്കാരിന് കൈമാറും. കേന്ദ്ര റെയിൽവേ മന്ത്രാലയമാണ് അന്തിമ അംഗീകാരം നൽകേണ്ടത്.

മെട്രോയുടെ കാക്കനാട്ടേക്കുള്ള രണ്ടാംഘട്ടത്തിൻറെ ഡിപിആർ കേന്ദ്രത്തിന് നൽകി വർഷങ്ങൾക്ക് ശേഷമാണ് അന്തിമ അനുമതി ലഭിച്ചത്. അങ്കമാലി പാതയുടെ നിർമാണഘട്ടത്തിലേക്ക് എത്താൻ സമാനമായ കാലതാമസം ഉണ്ടായേക്കാമെന്നാണ് കെഎംആർഎൽ സൂചിപ്പിക്കുന്നത്.

കൊച്ചിയിൽ മെട്രോ ആരംഭിച്ചപ്പോൾത്തന്നെ വിമാനത്താവളത്തിലേക്ക് നീട്ടണമെന്ന ആവശ്യം ഉയർന്നിരുന്നു.

വിമാനത്താവളത്തിലേക്കുള്ള യാത്രാസൗകര്യത്തിനുപുറമേ നെടുമ്പാശേരി, അങ്കമാലി പ്രദേശങ്ങളിലെ ഗതാഗതക്കുരുക്കിനും പരിഹാരമാകും. പ്രാദേശികവികസനത്തിനും വഴിവയ്ക്കുമെന്നാണു പ്രതീക്ഷ.

ജെഎൽഎൻ സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള രണ്ടാംഘട്ടത്തിൻറെ നിർമാണം പുരോഗമിക്കുകയാണ്. സ്ഥലമേറ്റെടുക്കൽ ഏറെക്കുറെ പൂർത്തിയായി.

സ്റ്റേഷനുകളുടെയും തൂണുകളുടെയും നിർമാണം ആരംഭിച്ചു. 2026 ഓടെ നിർമാണം പൂർത്തീകരിക്കാനാണ് കെഎംആർഎൽ ലക്ഷ്യമിടുന്നത്. ഇതിനു പിന്നാലെയാണ് മെട്രോ അങ്കമാലിയിലേക്ക് നീട്ടാനുള്ള നടപടി ആരംഭിച്ചത്.

മെട്രോ റെയിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് ദീർഘിപ്പിക്കേണ്ടത് വളരെ അനിവാര്യമാണ്. വിമാനത്താവളത്തിലേയ്ക്കും അങ്കമാലിയിലേക്കും മെട്രോ ദീർഘിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾക്ക് വേഗം വർധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിരന്തരമായ ശ്രമങ്ങൾ തുടരുകയാണ്.

കേരളത്തിൻറെ വികസന സ്വപ്നങ്ങൾക്ക് ചിറകു പകരുന്നതാണു മെട്രോ റെയിൽ. പദ്ധതിയുടെ മൂന്നാംഘട്ടം യാഥാർഥ്യമാക്കുന്നതിന് സമഗ്രമായ ഇടപെടലുകളുമായി എപ്പോഴും ഒപ്പമുണ്ടാകും. വിമാനത്താവളത്തിൽ എത്തിച്ചേരുന്ന വിദേശ സഞ്ചാരികൾക്കും പ്രാദേശിക യാത്രികർക്കും ഏറെ ഉപകാരപ്രദമാകുന്നതാകും, മെട്രോ വികസനം.

അന്തർദേശീയ വിമാനത്താവളത്തിനോടു ചേർന്നുള്ള അങ്കമാലി, സംസ്ഥാനത്തെ രണ്ട് പ്രധാന റോഡുകളുടെ സംഗമസ്ഥാനം കൂടിയാണ്. ഇതു മൂലമുണ്ടാകുന്ന ഗതാഗതകുരുക്കിന് പരിഹാരം കാണാൻ പൂർണമായും കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ സാധ്യമായ എല്ലാ മാർഗങ്ങളും നഗരസഭ അനുവർത്തിച്ച് കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ മെട്രോയുടെ വരവ് അങ്കമാലിക്ക് ഏറെ ആശ്വാസകരമാണ്.

സമയബന്ധിതമായി ഈ ശ്രമം പൂർത്തിയാക്കാൻ കഴിയട്ടെയെന്ന് പ്രത്യാശിക്കുന്നു. നഗരസഭയുടെ ഭാഗത്ത് നിന്നും എല്ലാ പിന്തുണയുമുണ്ടാകും. അങ്കമാലിയുടെ ചിരകാല സ്വപ്നം യാഥാർഥ്യമാകുന്നതിൽ നഗരസഭയും ആഹ്ലാദത്തിലാണ്.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കൊച്ചി വിമാനത്താവളവുമായി ബന്ധിപ്പിക്കുന്ന ആലുവ മുതൽ അങ്കമാലി വരെയുള്ള കൊച്ചി മെട്രോ റെയിൽ മൂന്നാം ഘട്ട പദ്ധതിയെ സിയാൽ സ്വാഗതം ചെയ്യുന്നു. ലോകത്തിലെ എല്ലാ മികച്ച വിമാനത്താവളങ്ങളിലും അതത് നഗരങ്ങളെ ബന്ധിപ്പിക്കുന്ന മെട്രോ സൗകര്യങ്ങളുണ്ട്.

പദ്ധതി പ്രാവർത്തികമാകുന്നതോടെ ഇവയിലൊന്നായി സിയാൽ മാറും. പ്രാദേശിക കണക്റ്റിവിറ്റി വർധിപ്പിക്കുന്നു എന്നതിനോപ്പം വിമാനത്താവളത്തിലേക്കെത്താൻ യാത്രക്കാർക്ക് കൂടുതൽ ഓപ്ഷനുകളും ഇതിലൂടെ സാധ്യമാകും. റോഡ് മാർ

# വലിയത്ത് മെഡിക്കൽ സയൻസസിനെ ആന്ധ്രയിലെ കിംസ് ഗ്രൂപ്പ് ഏറ്റെടുത്തു

**കൊല്ലം:** കരുനാഗപ്പള്ളി വലിയത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൻറെ പ്രവർത്തന, മേൽനോട്ട ചുമതലകൾ ആരോഗ്യ മേഖലയിലെ രാജ്യത്തെ പ്രമുഖ ഗ്രൂപ്പായ ആന്ധ്രയിലെ കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (കിംസ്) ഏറ്റെടുത്തു.

കിംസ് കേരള ക്ലസ്റ്റർ സിഇഒയും ഡയറക്ടറുമായ ഫർഹാൻ യാസിൻ, സിഎഫ്ഒ അർജുൻ വിജയകുമാർ, വലിയത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ചെയർമാൻ ഇബ്രാഹിം കുട്ടി, ട്രസ്റ്റിമാരായ സുബൈദ, സിനിമോൾ, സിനോജ്, മുഹമ്മദ് ഷാ എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു. നാല് മാസത്തിനുള്ളിൽ കിംസ് ഗ്രൂപ്പ് നടത്തുന്ന മൂന്നാമത്തെ ഏറ്റെടുക്കലാണിത്.

വലിയത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് 350 ബെഡുണ്ട്. കൂടുതൽ ആധുനിക സജ്ജീകരണങ്ങളോടെ സംസ്ഥാനത്തെ മികച്ച ആശുപത്രികളിൽ ഒന്നാക്കി ഉയർത്തുമെന്ന് മാനേജ്മെൻറ് അറിയിച്ചു. സ്പെഷ്യാലിറ്റി, ട്രോമ കാർഡിയാക് തുടങ്ങിയ ഡിപ്പാർട്ട്മെൻറുകൾ ആധുനികവത്കരിക്കും. ലിവർ, കിഡ്നി ട്രാൻസ്പ്ലാൻറ്, ഓങ്കോളജി തുടങ്ങിയ ഡിപ്പാർട്ട്മെൻറുകൾ ആരംഭിക്കും.

സെക്കന്തരാബാദ്, ഹൈദരാബാദ്, വിശാഖപട്ടണം, നാഗ്പുർ, കൊണ്ടപുർ, ഓംഗോൾ, രാജമുന്ദ്രി, ശ്രീകാകുളം, നെല്ലൂർ, അനന്തപുർ, കുർണൂൽ എന്നിവിടങ്ങളിൽ കിംസ് ഗ്രൂപ്പിന് ശാഖകളുണ്ട്.

കണ്ണൂരിൽ ശ്രീചന്ദ് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ദീർഘകാല കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് പ്രവർത്തനം തുടങ്ങി. കൊച്ചിയിലും കോഴിക്കോടും 800 ബെഡുകൾ വീതമുള്ള ഹെൽത്ത് സിറ്റികളും കണ്ണൂരിൽ ഓങ്കോളജി ആൻഡ് ട്രാൻസ്പ്ലാൻറ് സെൻറർ സ്ഥാപിക്കാൻ കിംസ് ഗ്രൂപ്പ് പദ്ധതി തയാറാക്കിയിട്ടുണ്ട്. ഭാവിയിൽ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, മലപ്പുറം, കോട്ടയം, ഇടുക്കി തുടങ്ങിയ ജില്ലകളിലും ഏറ്റെടുക്കലുകൾ നടത്തും. എല്ലാ യൂണിറ്റുകളും 'അസറ്റ് ലൈറ്റ് മോഡൽ' ആയിരിക്കും.

തൃശൂർ വെസ്റ്റ് ഫോർട്ട് ഹൈടെക് ഹോസ്പിറ്റലുമായി കരാറിലെത്തിയ കിംസ് ജില്ലയിലെ 350 ബെഡ് ഹോസ്പിറ്റൽ ആരംഭിക്കാനുള്ള തയാറെടുപ്പിലാണ്. ഈ സാഹചര്യത്തിലാണ് ദക്ഷിണ കേരളത്തിലേക്കുള്ള അവരുടെ ചുവടുവയ്പെന്ന നിലയിൽ കരുനാഗപ്പള്ളി വലിയത്ത് ഹോസ്പിറ്റലുമായി ധാരണാപത്രം ഒപ്പുവച്ചത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ആരോഗ്യ കേന്ദ്രം കരുനാഗപ്പള്ളിയിൽ സ്ഥാപിക്കുന്നത് പ്രദേശത്തിൻറെ സമഗ്ര വികസനത്തിന് വഴിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇന്ത്യയിലെ ഏറ്റവും വലിയ കോർപ്പറേറ്റ് ഹെൽത്ത്കെയർ ഗ്രൂപ്പുകളിലൊന്നാണ് കിംസ് ഹോസ്പിറ്റൽസ്. 30,000ലധികം ശസ്ത്രക്രിയകൾ നടത്തി പ്രശസ്തനായ കാർഡിയാക് സർജൻ ഡോ. ഭാസ്കർ റാവു ബൊല്ലിനെ 2000എൽ തെലുങ്കാനയിലെ നെല്ലൂരിലാണ് കിംസ് ഗ്രൂപ്പിൻറെ ആദ്യ ആശുപത്രി സ്ഥാപിച്ചത്. തെലങ്കാന, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ മൾട്ടി ഡിസിപ്ലിനറി ഇൻറഗ്രേറ്റഡ് ആരോഗ്യ സേവനങ്ങൾ നൽകുന്നു.

എല്ലാവർക്കും പ്രാപ്യമായ നിരക്കിലാണ് കിംസ് വിദഗ്ധ ആരോഗ്യ സേവനങ്ങൾ നല്കുന്നത്. 16 ആശുപത്രികളിലായി 5000ലധികം കിടക്കകളുള്ള ശൃംഖല തെലങ്കാന (സെക്കന്തരാബാദ്, കൊണ്ടാപൂർ, ഗച്ചിബൗളി, ബേഗംപേട്ട്), ആന്ധ്രാപ്രദേശ് (നെല്ലൂർ,രാജമഹേന്ദ്രി, ശ്രീകാകുളം, ഓംഗോൾ,വിശാഖപട്ടണം 2 യൂണിറ്റ്, അനന്തപുരം, ഗുണ്ടൂർ,കുർനൂൽ), മഹാരാഷ്ട്ര (നാഗ്പുർ,നാസിക്), കേരളം (കണ്ണൂർ) എന്നിവിടങ്ങളിലായി വ്യാപിച്ച് കിടക്കുകയാണ്.

ബാംഗ്ലൂരിൽ രണ്ടു ഹോസ്പിറ്റലുകളും മുംബൈയിൽ ഒരു ഹോസ്പിറ്റലും ഉൾപ്പെടുന്ന പുതിയ യൂണിറ്റുകളുടെ നിർമാണം പുരോഗമിക്കുകയാണ്. കാർഡിയാക് സയൻസസ്, ഓങ്കോളജി, ന്യൂറോ സയൻസസ്, ഗ്യാസ്ട്രിക് സയൻസസ്, ഓർത്തോപീഡിക്സ്, അവയവ മാറ്റം, വൃക്ക ശാസ്ത്രം, മാതൃശിശുപരിപാലനം തുടങ്ങി 25 വിഭാഗങ്ങളിലായി കിംസ് സമഗ്രമായ ആരോഗ്യ പരിചരണ സേവനങ്ങൾ ഉറപ്പാക്കുന്നു.

# ഇന്ധനക്ഷമത കൂട്ടാൻ എക്സോട്ടിക് മെറ്റൽ

**പത്തനംതിട്ട:** മോട്ടോർവാഹനങ്ങളിൽ മൈലേജ് കൂട്ടുന്ന എക്സോട്ടിക് മെറ്റൽ വികസിപ്പിച്ചെടുത്തെന്ന അവകാശവാദവുമായി ട്രഡീഷനൽ ഓൾട്ടർനേറ്റീവ് മെഡിസിൻ റിസർച്ച് സെൻറർ.

പരിസ്ഥിതി മലിനീകരണമുണ്ടാക്കാത്തവിധം മൂന്നു മടങ്ങ് ശക്തി പെട്രോളിൽ കൂട്ടുന്ന സാങ്കേതിക വിദ്യയാണിതെന്ന് ടിഎഎംആർസി ഡെപ്യൂട്ടി ഡയറക്ടർ രഘുനാഥ് രാമകൃഷണൻ പത്രസമ്മേളനത്തിൽ പറഞ്ഞു.

മൂന്നുവർഷം പരീക്ഷണം നടത്തിയശേഷമാണ് സാങ്കേതിക വിദ്യയെക്കുറിച്ചുള്ള വിവരം പുറത്തുവിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഇന്ധനടാങ്കിൽ നിക്ഷേപിക്കുന്ന എക്സോട്ടിക് മെറ്റൽ ഇന്ധനം ശുദ്ധീകരിക്കുകയും എൻജിനിൽനിന്ന് പുറന്തള്ളുന്ന ചൂടിൻറേയും പുകയുടേയും തീവ്രതകുറയ്ക്കുകയും ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു.

പരിസ്ഥിതി മലിനീകരണം ഉണ്ടാകാതെ അധിക ഇന്ധന ലാഭം നേടിത്തരാൻ സഹായിക്കുന്ന ഒരു സിദ്ധ ടെക്നോളജിയാണിത്. ഈ മെറ്റൽ പെട്രോൾ ടാങ്കിൽ ഇട്ടതിനുശേഷം ആറു മണിക്കൂർ കഴിഞ്ഞ് വാഹനങ്ങൾ ഉപയോഗിക്കാൻ കഴിയും.

കണ്ടെത്തിയ സാങ്കേതിക വിദ്യ സർക്കാരിൽ സമർപ്പിച്ച് അനുമതി ലഭിക്കുന്നതിന് ശ്രമം ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു. രഘുനാഥ് രാമകൃഷ്ണൻ കോന്നിയിലാണ് താമസിക്കുന്നത് . അതുൽ കൃഷ്ണനും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# വനാതിർത്തിയിൽ ജനങ്ങൾക്ക് ഭയം കൂടാതെ ജീവിക്കാനുള്ള സാഹചര്യമൊരുക്കും: മന്ത്രി എ കെ ശശീന്ദ്രൻ

**കണ്ണൂർ:** കാസർഗോഡ് ഫോറസ്റ്റ് ഡിവിഷൻ പരിധിയിൽ ആർ ആർ ടി അനുവദിക്കുന്നത് സജീവ പരിഗണനയിലാ ണെന്ന് വനം വവകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. ഇനി അനുവദിക്കുന്ന ആദ്യത്തെ ആർ ആർ ടി കാസർഗോഡ് ജില്ലയ്ക്ക് ആയിരിക്കും. അതിനായി ജനപ്രതിനിധികളുടെ സഹകരണം അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു വനമേഖലയിലെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് 640 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ നടപടി ഉണ്ടായിട്ടില്ലെന്നും മന്ത്രി പറഞ്ഞു. വെള്ളരിക്കുണ്ട് മിനി സിവിൽസ്റ്റേഷനിൽ വനം വകുപ്പിന്റെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു വനം മന്ത്രി. വനാതിർത്തിയിൽ ജനങ്ങൾക്ക് ഭയം കൂടാതെ ജീവിക്കാനുള്ള സാഹചര്യമൊരുക്കുമെന്ന് മന്ത്രി പറഞ്ഞു. വന്യമൃഗ സംഘർഷങ്ങൾക്ക് പരിഹാരം കാണുന്നതിന് ദീർഘകാല അടിസ്ഥാനത്തിൽ ഉള്ളതും ഹൃസ്വകാല അടിസ്ഥാനത്തിലു ഉള്ളതുമായ പദ്ധതികൾ നടപ്പിലാക്കും. വയനാട്ടിലും കണ്ണൂരിലും സമയബന്ധിതമായി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട് ഇതേപോലുള്ള പദ്ധതികൾ കാസർഗോഡ് ജില്ലയിലും ആവിഷ്കരിച്ച് നടപ്പാക്കും.

വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് കാര്യക്ഷമമായ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കും. ജനങ്ങൾക്ക് അനുകൂലമായി കോടതികളിൽ നിന്നുണ്ടാകുന്ന ഉത്തരവുകൾ നടപ്പാക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കരുത് എന്നും മന്ത്രി പറഞ്ഞും വന്യജീവി സംഘർഷം നേരിടുന്നതിൽ ജനപങ്കാളിത്തത്തോടെയും ജനപ്രതിനിധികളുടെ സഹകരണത്തോടെയുള്ള പരിപാടികൾ ആവിഷ്കരിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. കാസർഗോഡ് ജില്ലയിൽ നിലവിലുള്ള വനംവകുപ്പ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് പ്രത്യേക ദ്രുത കർമ്മ സേന യുടെ പ്രൊപ്പോസൽ നൽകിയാൽ അംഗീകാരം നൽകുമെന്നും മന്ത്രി പറഞ്ഞു.

ഇ ചന്ദ്രശേഖരൻ എംഎൽഎ അധ്യക്ഷത വഹിച്ചു. സബ് കലക്ടർ പ്രതീക്ജയിൻ വിശിഷ്ടാതിഥിയായി ജില്ലാപഞ്ചായത്ത് അംഗം ജോമോൻ ജോസ്, പരപ്പ ബ്ലോക്ക് പഞ്ചായത്ത് അംഗം ഷോബി ജോസഫ്, ബളാൽ പഞ്ചായത്ത് വൈസ്പ്രസിഡന്റ് എം.രാധാമണി, പഞ്ചായത്ത് വാർഡ്മെമ്പർ മോന്ഡസി ജോയ്, രാഷ്ട്രീയപാർട്ടി പ്രതിനിധികളായ എ.അപ്പുക്കുട്ടൻ, എം.പി ജോസഫ്, എൻ. പുഷ്പരാജൻ, ബെന്നി നാഗമറ്റം, എ.സി എല്ത്തീഫ്, ജോസ് കാക്കകൂടുങ്കൽ, മത്തായി അനുമുറ്റം, കെ.ടി സക്കറിയ, കെ.സി മുഹമ്മദ് കുഞ്ഞി, നന്ദകുമാർ, ജോർജ്ജ്കുട്ടി തോമസ്, ജെറ്റോജോസഫ്, സണ്ണി അരുമന, കെ.എസ് മണി, വി.കെ രമേശൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം. മധുസൂദനൻ, കാസർകോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ വി. രതീശൻ, വെള്ളരിക്കുണ്ട് താഹസിൽദാർ പി.വി മുരളി തുടങ്ങിയവർ സംസാരിച്ചു.

കണ്ണൂർ നേർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ.എസ് ദീപ സ്വാഗതവും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കെ. അഷറഫ് നന്ദിയും പറഞ്ഞു.

# ക്ഷീര കർഷക സംഗമം സമാപിച്ചു

**മലപ്പുറം:** സംസ്ഥാനം പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സർക്കാർ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. ക്ഷീരവികസന വകുപ്പ് മൂന്നു ദിവസങ്ങളിലായി ജീവനീയം 25 എന്ന പേരിൽ സംഘടിപ്പിച്ച ജില്ലാതല ക്ഷീര കർഷക സംഗമം സമാപന സമ്മേളനം ഉദ്ഘാടനം കാട്ടുമുണ്ട തോട്ടത്തിൽ കൺവൻഷൻ സെന്റിൽ ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ഇരുപത്തിരണ്ട് കോടി ചെലവിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലനം, തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തുന്ന കിടാരി പാർക്കുകൾ, ക്ഷീരകർഷകർക്ക് ചികിത്സാ സഹായം നൽകുന്ന ക്ഷീരസാന്ത്വനം എന്നിങ്ങനെ ബൃഹത്തായ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്.

അസുഖം ബാധിച്ച പശുക്കളെ വെറ്ററിനറി ഡോക്ടർമാർക്ക് വീട്ടിലെത്തി ചികിൽസിക്കാൻ 68 വാഹനങ്ങൾ ബ്ലോക്ക് തലത്തിൽ നൽകും. 1962 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിച്ചാൽ വാഹനങ്ങൾ വീട്ടിലെത്തും. പശുക്കൾക്ക് ഏർപ്പെടുത്തുന്ന ആരോഗ്യകാർഡ് പദ്ധതി വഴി ഓരോ പശുവിനെയും കുറിച്ചുള്ള കൃത്യമായ ആരോഗ്യവിവരങ്ങളും, ഉടമയെ സംബന്ധിക്കുന്ന വിവരങ്ങളുമെല്ലാം ഡിജിറ്റൽ രൂപത്തിൽ ലഭ്യമാകും. അതിദരിദ്രർക്കും തോട്ടം മേഖലയിലെ തൊഴിലാളികൾക്കും സ്ഥിരവരുമാനത്തിന് പശുക്കളെ സബ്സിഡിയിനത്തിൽ നൽകി വരുന്നുണ്ട്. മാത്രമല്ല, ക്ഷീരശ്രീ പോർട്ടൽ വഴി പശുകൾക്ക് ഇൻഷുറൻസിന് അപേക്ഷിക്കാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട് മന്ത്രി പറഞ്ഞു.

ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ അളന്ന കർഷകനുള്ള അവാർഡ് കോഡൂർ ക്ഷീരസംഘത്തിലെ കുഞ്ഞിമുഹമ്മദ് ഹാജിക്ക് മന്ത്രി സമ്മാനിച്ചു. ഏറ്റവും കൂടുതൽ പാൽ സംഭരിച്ച ക്ഷീരസംഘത്തിനുള്ള അവാർഡ് കാളികാവ് ബ്ലോക്കിലെ കരുളായി ക്ഷീരസംഘം നേടി. നിലമ്പൂർ ബ്ലോക്കിലെ പാലേമാട് ക്ഷീരസംഘം ആണ് ഏറ്റവും ഗുണമേന്മയുള്ള പാൽ സംഭരിച്ച ക്ഷീരസംഘം. ഏറ്റവും മികച്ച ക്ഷേമനിധി കർഷകനായി ചേലക്കടവ് ക്ഷീര സംഘത്തിലെ രാജൻ നെല്ലൂർ തിരഞ്ഞെടുക്കപ്പെട്ടു. വടക്കുമ്പുറം ക്ഷീരസംഘത്തിലെ സജിത ഏറ്റവും കൂടുതൽ പാൽ അളന്ന ക്ഷീരകർഷകയ്ക്കുള്ള അവാർഡ് ഏറ്റുവാങ്ങി. ഏറ്റവും പാൽ അളന്ന പട്ടികജാതി ക്ഷീര കർഷകക്കുള്ള അവാർഡ് വഴിക്കടവ് ടൗൺ സംഘത്തിലെ ശാന്ത, മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി.

ഇതിന് പുറമെ ക്ഷീരസംഗമം ലോഗോ ചെയ്ത വ്യക്തിക്കുള്ള അവാർഡ്, ക്ഷീരസംഘം ജീവനക്കാർക്കിടയിൽ നടത്തിയ ഡയറി ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ, കന്നുകാലി പ്രദർശനമത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ, വണ്ടൂർ ബ്ലോക്കിലെ മികച്ച ക്ഷീരകർഷകർക്കുള്ള പുരസ്കാരങ്ങൾ എന്നിവയും വിതരണം ചെയ്തു.

മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം. കെ. റഫീഖ അധ്യക്ഷത വഹിച്ചു. ക്ഷീര വികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ്, ജോയിൻ ഡയറക്ടർ ഷീബ ഖമർ, മൃഗ സംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ (റിട്ട ) ഡോക്ടർ ഹാറൂൺ അബ്ദുൽ റഷീദ്, മമ്പാട് ക്ഷീര സംഘം ചെയർമാൻ സണ്ണി ജോസഫ്, വിവിധ പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.

ജനുവരി 28 മുതൽ മൂന്നു ദിവസങ്ങളിലായി നടന്ന ക്ഷീരസംഗമം വിപുലമായ പരിപാടികളോടെയാണ് നടന്നത്.

വിളംബര ജാഥ, കന്നുകാലി പ്രദർശനം, ക്ഷേമനിധി അദാലത്ത്, ക്ഷീരകർഷകർക്കുള്ള ശില്പശാല, മെഡിക്കൽ ക്യാമ്പ്, സഹകരണ ശില്പശാല, ഡയറി എക്സ്പോ, ഡയറി ക്വിസ്, കലാസന്ധ്യ, ക്ഷീരവികസന സെമിനാർ തുടങ്ങിയവയാണ് പരിപാടിയുടെ ഭാഗമായി നടന്നത്.

സമാപന ദിവസം രാവിലെ നടന്ന ക്ഷീര വികസന സെമിനാർ എ.പി അനിൽകുമാർ എം.എൽ.എ, ഉദ്ഘാടനം ചെയ്തു.

## കേരള വനിതാ കമ്മീഷന്റെ മാധ്യമ പുരസ്കാരം

**തിരുവനന്തപുരം:** കേരള വനിതാ കമ്മീഷന്റെ, 2024ലെ മാധ്യമ പുരസ്കാരത്തിന് ഫെബ്രുവരി അഞ്ച് വരെ എൻട്രികൾ സമർപ്പിക്കാം. മലയാളം അച്ചടി മാധ്യമം മികച്ച റിപ്പോർട്ട്, മികച്ച ഫീച്ചർ, വിഷ്വൽ മീഡിയ മലയാളം മികച്ച റിപ്പോർട്ട്, മികച്ച ഫീച്ചർ, മികച്ച ഫോട്ടോഗ്രഫി, മികച്ച വീഡിയോഗ്രഫി എന്നിങ്ങനെ ആറ് വിഭാഗങ്ങളിലായാണ് പുരസ്കാരം. വ്യത്യസ്ത മേഖലകളിലെ സ്ത്രീകളുടെ നേട്ടങ്ങൾ, സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, പ്രതിസന്ധികളെ തരണം ചെയ്ത വനിതകൾ തുടങ്ങി സ്ത്രീകളുമായി ബന്ധപ്പെട്ട വാർത്തകളും വീഡിയോകളും ഫോട്ടോകളുമാണ് പുരസ്കാര നിർണയത്തിനായി പരിഗണിക്കുക. ഒരാൾ ഒരു എൻട്രി മാത്രമേ അയയ്ക്കാൻ പാടുള്ളൂ. പുരസ്കാര ജേതാക്കൾക്ക് 20,000 രൂപ സമ്മാനത്തുകയും പ്രശസ്തിപത്രവും നൽകും. ആർഎൻഐ അംഗീകൃത പത്രമാധ്യമ സ്ഥാപനങ്ങളിലെയും കേന്ദ്ര വാർത്താവിതരണ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ടെലിവിഷൻ ചാനലുകളിലെയും മാധ്യമപ്രവർത്തകർക്ക് പുരസ്കാരത്തിന് അപേക്ഷിക്കാം.

2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധീകരിച്ച വാർത്ത/ഫീച്ചർ, അത് പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒരു മുഴുവൻ പേജും വാർത്തയുടെ നാല് പകർപ്പുകളും, ടെലിവിഷൻ വാർത്തയുടെ/പരിപാടിയുടെ മുഴുവൻ വീഡിയോയും, പ്രസ്തുത വാർത്തയുടെ മാത്രം എംപി4 ഫോർമാറ്റ് അടങ്ങിയ നാല് സിഡികൾ, ഫോട്ടോ അച്ചടിച്ചുവന്ന പത്രത്തിന്റെ ഒരു മുഴുവൻ പേജും ഫോട്ടോയുടെ നാല് പകർപ്പുകളും ന്യൂസ് എഡിറ്റർ/റസിഡന്റ് എഡിറ്റർ/എക്സിക്യൂട്ടീവ് എഡിറ്റർ/ചീഫ് എഡിറ്ററുടെ സാക്ഷ്യപത്രത്തോടൊപ്പം പോസ്റ്റൽ ആയി മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം695004 എന്ന വിലാസത്തിൽ അയക്കണം.

## മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ പ്രവേശനം

**തിരുവനന്തപുരം:** വെള്ളായണി അയ്യൻകാളി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലേക്കുള്ള തെരഞ്ഞെടുപ്പ് ആരംഭിച്ചു. കോട്ടയം ജില്ലയിലേയ്ക്കുള്ള ട്രയൽസ് ഫെബ്രുവരി ആറിന് പാലാ മുനിസിപ്പൽ മൈതാനത്തു നടക്കും. രാവിലെ 8 മുതൽ ട്രയൽസ് ആരംഭിക്കും. 5,11 ക്ലാസുകളിലേക്കുള്ള മുഴുവൻ സീറ്റുകളിലേക്കും 6, 7, 8, 9 ക്ലാസുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുമാണ് പട്ടിക വിഭാഗത്തിൽപ്പെട്ട കായിക താരങ്ങൾക്ക് പ്രവേശനം നൽകുന്നത്. അത്ലറ്റിക്സ്, ജൂഡോ, റസ്ലിങ്, ജിംനാസ്റ്റിക്സ്, ഫുട്ബാൾ എന്നീ ഇനങ്ങളാണ് ഇവിടെ പരിശീലിപ്പിക്കുന്നത്. കായികമികവിനൊപ്പം അക്കാദമിക് രംഗത്തും മുന്നിട്ടുനിൽക്കുന്ന ഈ സ്കൂൾ കഴിഞ്ഞ അധ്യായന വർഷം തിരുവനന്തപുരം ജില്ലയിൽ പ്ലസ്ടു പരീക്ഷയിൽ 100% വിജയം നേടിയിരുന്നു.

വെള്ളായണി എം.ആർ.എസ്. സ്കൂളിൽനിന്നു വിശദാംശങ്ങൾ അറിയാം. ഫോൺ: 7356075313, 9744786578.

## അറ്റൻഡന്റ് ഡപ്യൂട്ടേഷൻ

**തിരുവനന്തപുരം:** കേരള വനിതാ കമ്മീഷനിൽ നിലവിൽ ഒഴിവുള്ള ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ വകുപ്പുകളിലെ സമാന തസ്തികയിൽ (23,000 50,200) ശമ്പള സ്കെയിലിൽ സേവനമനുഷ്ഠിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ നിരാക്ഷേപ പത്രം സഹിതം മേലധികാരി മുഖേന മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, ലൂർദ്ദ് പള്ളിക്കു സമീപം, പി.എം.ജി, പട്ടം.പി.ഒ, തിരുവനന്തപുരം 695004 എന്ന വിലാസത്തിൽ 2025 ഫെബ്രുവരി 20 നകം ലഭിക്കണം.

## കഫെ കുടുംബശ്രീ ഫുഡ് ഫെസ്റ്റിവൽ സംഘാടക സമിതി യോഗം ചേർന്നു

**കാസർകോട്:** കുടുംബശ്രീ ജില്ലാ മിഷൻ, നബാർഡ്, കാഞ്ഞങ്ങാട് നഗരസഭ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഫെബ്രവരി 12 മുതൽ 20 വരെ നടത്തുന്ന കഫെ കുടുംബശ്രീ ഫുഡ് ഫെസ്റ്റിവലിന്റെ സംഘാടക സമിതി യോഗം ചേർന്നു. കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ സുജാത ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. കാഞ്ഞങ്ങാട് മുൻസിപ്പൽ ടൗൺഹാളിൽ നടന്ന യോഗത്തിൽ കുടുംബശ്രീ എഡിഎംസിഡി ഹരിദാസ് പദ്ധതി വിശദീകരിച്ചു. നഗരസഭ വൈസ് ചെയർമാൻ ബിൽടക് അബ്ദുള്ള, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ ലത, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പി അഹമ്മദലി, ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ വി സരസ്വതി, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ പ്രഭാവതി, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അനീഷൻ , അജാനൂർ സി ഡി എസ് ചെയർപേഴ്സൺ രത്ന എന്നിവർ സംസാരിച്ചു. കാഞ്ഞങ്ങാട് സിഡിഎസ് 2 ചെയർപേഴ്സൺ കെ സുജിനി സ്വാഗതവും കാഞ്ഞങ്ങാട് 1 സിഡിഎസ് ചെയർപേഴ്സൺ സൂര്യ ജാനകി നന്ദിയും പറഞ്ഞു.

## പ്രോത്സാഹന ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

**കാസർകോട്:** 202425 അദ്ധ്യയന വർഷം എൽപി ക്ലാസുകളിൽ പഠിക്കുന്ന 75% ഹാജർ ഉള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം നൽകുന്നതിനായി വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൽ.പി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ്, 2024 2025 അദ്ധ്യയന വർഷം 2025 ജനുവരി 31 വരെ 75% ഹാജരുണ്ടെന്ന് തെളിയിക്കുന്ന സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രം, അക്കൗണ്ട് വിവരങ്ങൾ സഹിതം പരപ്പ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിലോ, ഭീമനടി, പനത്തടി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലോ ഫെബ്രുവരി 20നകം ലഭ്യമാക്കണമെന്ന് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ അറിയിച്ചു. ഫോൺ 0467 2960111.

## പരിശീലനം നൽകി

**കാസർകോട്:** കുടുംബശ്രീ ജില്ല മിഷൻ കാസർകോട് പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതി സ്വയം പര്യാപ്ത അയൽക്കൂട്ടങ്ങൾക്കുള്ള പരിശീലനം നൽകി. പടന്നക്കാട് ശാന്തിഗ്രാമിൽ നടന്ന പരിശീലനത്തിൽ ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 20 അയൽക്കൂട്ടങ്ങളിൽ നിന്നും രണ്ടുപേർക്ക് വീതമാണ് ആദ്യഘട്ട പരിശീലനം നൽകിയത്. ട്രെയിനിങ് ടീം അംഗങ്ങളായ സുകുമാരൻ, രതീഷ്, പ്രസീന എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു. എ.ഡി.എം.സി കിഷോർ കുമാർ ക്യാമ്പ് സന്ദർശിച്ചു. ഡി.പി.എം ലിജിൻ, അനിമേറ്റർ കോഡിനേറ്റർ മനീഷ്, ബ്ലോക്ക് കോഡിനേറ്റർമാരായ സോയ, കാവ്യ, അഖിൽ, ജിജി, അനിമേറ്റർമാരായ മുരളി, സരിത, സുശീല, രാധാമണി, ഗീത എന്നിവർ പങ്കെടുത്തു.

## പരിശോധന നടത്തി

**കാസർകോട്:** ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ ചെർക്കള ചട്ടഞ്ചാൽ പട്ടണങ്ങളിൽ കടകളിൽ സംയുക്ത പരിശോധന നടത്തി. 24 കടകളിൽ പരിശോധന നടത്തി വില നിലവാര പട്ടിക പ്രദർശിപ്പിക്കാത്ത 11 കടകൾക്ക് നോട്ടീസ് നൽകി. ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരമാണ് പ്രത്യേക സ്ക്വാഡ് സംയുക്ത പരിശോധന നടത്തുന്നത്.

# സബ്സിഡിയോടുകൂടി എണ്ണപ്പനകൃഷി

സബ്സിഡിയോടുകൂടി എണ്ണപ്പനകൃഷി ചെയ്യാൻ കർഷകർക്ക് അവസരം. സോപ്പ്, സോപ്പ് പൗഡർ, കോസ്മെറ്റിക്സ്, ലൂബ്രിക്കൻസ്, പെയ്ൻറ്, മെഴുകുതിരി, ഗ്രീസ് മുതലായവയുടെ ഉത്പാദനവും കയറ്റുമതിയുമായും ബന്ധപ്പെട്ട് എണ്ണപ്പന കൃഷി കൂടുതൽ വാണിജ്യ പ്രാധാനമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ദീർഘകാല എണ്ണ ഉത്പാദന വിളകളിൽ ഒരു യൂണിറ്റ് സ്ഥലത്ത് ഏറ്റവും കൂടുതൽ എണ്ണ ഉത്പാദിപ്പിക്കാൻ കഴിവുള്ള ഏകവിള എണ്ണപ്പന മാത്രമാണ്. ഒരു ഹെക്ടർ എണ്ണപ്പനയിൽ നിന്നു 4 ടൺ എണ്ണ ഉത്പാദിപ്പിക്കാൻ കഴിയും. കിലോക്ക് 17.25 രൂപ നിരക്കിലാണ് ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് സംഭരിക്കുന്നത്.

നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽ ഓയിൽപാം (ചങ്ങ്ഛഛജ) എന്ന പേരിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ എണ്ണപ്പന കൃഷി വ്യാപകമാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്.

ഈ പദ്ധതിപ്രകാരം അനുയോജ്യമെന്ന് കണ്ടെത്തിയ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം.

പദ്ധതിയുടെ വിശദവിവരങ്ങൾ



1. കൃഷിക്കാവശ്യമായ സങ്കരവർഗത്തിൽപ്പെട്ട ടെനിറ തൈകൾ വാങ്ങുന്നതിന് ഹെക്ടറിന് 20000 രൂപ സബ്സിഡി നൽകും.
2. ആദ്യ നാലു വർഷം കൃഷി ചെലവിൻറെ 50 ശതമാനത്തിൽ കവിയാത്ത തുക സബ്സിഡിയായി ഓരോ വർഷവും ഹെക്ടർ ഒന്നിന് 5,250 രൂപ വച്ച് മൊത്തം 21,000 രൂപ നൽകും.
3. ഇടവിളകൃഷിക്കും ആദ്യ 4 വർഷക്കാലം ഹെക്ടറിന് 5250 രൂപ വച്ച് മൊത്തം 21000 രൂപ നൽകും.
4. എണ്ണപ്പന കൃഷിക്കനുയോജ്യമായ സ്ഥലം കണ്ടെത്താനും തൈകൾ നടുന്നതിനും വേണ്ട സാങ്കേതിക ഉപദേശം ലഭ്യമാക്കും.
5. എണ്ണപ്പന കൃഷിയിൽ പരിശീലനം നേടാൻ ആഗ്രഹിക്കുന്നവർക്ക് സാങ്കേതിക പരിശീലനം നൽകും.
6. ഉത്പാദിപ്പിക്കുന്ന എണ്ണപ്പനക്കുല കൾ ഓയിൽപാം ഇന്ത്യ സംഭരിച്ച് അതിൻറെ വില എണ്ണവിലയുടെ അടി സ്ഥാനത്തിൽ തിട്ടപ്പെടുത്തി കൃഷി ക്കാർക്ക് നൽകും.
7. എണ്ണപ്പനക്കുലകൾ ഫാക്ടറിയിൽ എത്തിക്കുന്നതിനു വാഹനകൂലിയുടെ വിഹിതം കുലയുടെ തൂക്കം, കൃഷി സ്ഥലത്തു നിന്നുള്ള ദൂരം എന്നിവ യുടെ അടിസ്ഥാനത്തിൽ കർഷകർക്കു നൽകും.
8. കുലവെട്ടുന്നതിന് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് പദ്ധതി പ്രകാരമുള്ള സഹായം ലഭ്യമാക്കും.
9. ട്രിപ്പ് ഇറിഗേഷൻ, കുഴൽക്കിണർ, തൈകളുടെ സംരക്ഷണ വേലി സ്ഥാപിക്കൽ എന്നിവയ്ക്ക് പദ്ധതി പ്രകാരം സബ്സിഡി അനുവദിക്കും.

# അട്ടപ്പാടിയുടെ കറുത്ത മുത്ത് കരിയാടുകൾ

അട്ടപ്പാടി ഗോത്രവാസികളുടെ പൈതൃകസന്പത്താണു കരിയാടുകൾ. മല്ലീശ്വരൻമുടിയും ഭവാനിപ്പുഴയും അതിരിടുന്ന ഈ മലയോരങ്ങളിൽ ഉരുത്തിരിഞ്ഞ തനത് ആടുവർഗമാണ് അട്ടപ്പാടി ബ്ലാക്ക് അഥവാ അട്ടപ്പാടി കരിയാടുകൾ.

തലമുറകളായി ഇവിടെ പാർത്തുവരുന്ന ആദിവാസി വിഭാഗങ്ങൾ അവരുടെ സാന്പത്തിക ഭദ്രതയുടെ അടയാളമായി പറയുന്നതു സ്വന്തമായുള്ള കരിയാടുകളുടെ എണ്ണമാണ്.

പെണ്ണിന്റെയും ചെറുക്കന്റെയും കല്യാണ വേളകളിൽ കൃഷിയിടം പോലെ ആസ്തിയുടെ തോതായി കാണുന്നതും വീട്ടിലെ കരിയാടുകളുടെ എണ്ണമാണ്.

പാവപ്പെട്ടവരുടെ പശുവെന്നും അട്ടപ്പാടിയുടെ കരിമുത്തെന്നുമാണ് ഇവയെ വിശേഷിപ്പിക്കുന്നത്. ഊരിനോടും ഊരുവാസികളോടും ഏറെ ഇണങ്ങുന്ന ശാന്തസ്വഭാവക്കാരാണ് ഈ ഇനം ആടുകൾ.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ആനിമൽ ജനറ്റിക്സ് റിസോഴ്സസ് ബ്യൂറോ കരിയാടിനെ ഒരു പ്രത്യേക ജനുസായി അംഗീകരിച്ച് ദേശീയ ബ്രീഡ് റജിസ്റ്ററിൽ ഉൾപ്പെടുത്തിയുണ്ട്.

അങ്ങനെ രാജ്യത്തെ 34 ആട് ജനുസുകളുടെ പട്ടികയിൽ അട്ടപ്പാടി ബ്ലാക്ക് ആടുകൾക്കും പേരും പെരുമയുമുണ്ട്. അട്ടപ്പാടിയിലെ പുതൂർ, അഗളി, ഷോളയാർ ഗ്രാമപഞ്ചായത്തുകളിലെ ഗോത്ര ഗ്രാമങ്ങളിലാണ് ഈ ഇനം ആടുകൾ കൂടുതലുള്ളത്.

ഗോത്രവാസികൾ അരുമകളായി സംരക്ഷിക്കുന്നതുകൊണ്ടു മാത്രമാണ് കരിയാടുകളുടെ വംശം ഇവിടെ അവശേഷിക്കുന്നത്. ഇരുള, കുറുമ്പ, മുഡുക എന്നീ ഗോത്ര വിഭാഗങ്ങളാണ് അട്ടപ്പാടി ബ്ലാക്ക് ആടുകളുടെ സംരക്ഷകർ.

അധ്വാനികളായ ആദിവാസികളുടെ ജീവിതത്തിൽ കരിയാടുകൾക്ക് ചെറുതല്ലാത്ത സ്ഥാനമുണ്ട്. വിശേഷാവസരങ്ങളിലും വിവാഹവേളയിലും ഇവർ സമ്മാനമായി നൽകുന്നതും ഒന്നോ രണ്ടോ കരിയാടുകളെയാണ്.

എല്ലാ ഊരുകളിലും കരിയാടുകളെ പാർപ്പിക്കാൻ കൂടുണ്ടാകും. അവയ്ക്കു കാവലായി ഒരു വളർത്തു നായയും. നീലഗിരി, മുത്തിക്കുളം മലനിരകൾക്കിടയിൽ പാലക്കാട് ജില്ലയിലെ മലമ്പ്രദേശമാണ് അട്ടപ്പാടി.

കരിയാടുകളുടെ പാലും ഇറച്ചിയും ഭക്ഷണം മാത്രമല്ല ആയുസും ആരോഗ്യവും നൽകുന്ന ഔഷധമാണെന്ന് ആദിവാസികൾ പറയും. പുല്ലും കല്ലും നിറഞ്ഞ മലമേടുകളിലേക്കും വിശാലമായ പാടങ്ങളിലേക്കും കാടുകളിലേക്കും ഇവയെ രാവിലെ മേയാൻവിടും.



ഉച്ചവരെ തീറ്റയ്ക്കുശേഷം ഇവ മരത്തണലുകളിൽ വിശ്രമിക്കും. വീണ്ടുമൊരു തീറ്റയ്ക്കുശേഷം ഉരുൾവീഴും മുമ്പേ തിരികെ കൊണ്ടുവരും. മേഞ്ഞു നടന്ന് തീറ്റയെടുക്കുന്നതുകൊണ്ട് ഊരുകളിൽ ഇവയ്ക്കായി പ്രത്യേകം തീറ്റ കരുതാറുമില്ല.

ഈറ്റകൊണ്ടും മരത്തടികൊണ്ടും നിർമിക്കുന്ന കൂടുകളിലാണ് ഇവയെ പാർപ്പിക്കുന്നത്. നരിയും കുറുക്കനും കടുവയും ഭീഷണിയായതോടെ പ്രത്യേക സംരക്ഷണം ആവശ്യമായിരിക്കുന്നു.

മഴനിഴൽപ്രദേശമായ അട്ടപ്പാടിയുടെ തനതു കാലാവസ്ഥയോട് നന്നായി ഇണങ്ങുന്നതും രോഗപ്രതിരോധശേഷി കൂടിയതുമായ ഇനമാണ് കരിയാടുകൾ.

ആടുകളെ ഗോത്രവാസികൾ വീട്ടിലെ അംഗത്തെപോലെ കാണുകയും പരിപാലിക്കുകയും ചെയ്യുന്നു. ആദിവാസികളിലെ പോഷകവൈകല്യം പ്രതിരോധിക്കാൻ ഒരു പരിധിവരെ ഈ ഇനം ആടുകളുടെ പാലും മാംസവും സഹായകരമാകുന്നുണ്ട്.

പൊതുവെ മെലിഞ്ഞ പ്രകൃതിയിലുള്ളവയാണ് അട്ടപ്പാടി കരിയാടുകൾ. എണ്ണക്കറുപ്പുള്ള രോമാവരണവും ചെന്പൻ കണ്ണുകളുമുള്ള ഈ ഇനത്തെ ഒറ്റ നോട്ടത്തിൽ തിരിച്ചറിയാം.

അരയടിയോളം നീളത്തിൽ തൂങ്ങിക്കിടക്കുന്ന വീതി കുറഞ്ഞ കറുത്ത ചെവികളും കുത്തനെ വളർന്ന് പിന്നോട്ട് ചരിവുള്ള ചാര കൊമ്പുകളുമാണ് ലക്ഷണം. പെണ്ണാടിനും ആണാടിനുമുണ്ട് കൊമ്പ്.

ചിലതിന് കഴുത്തിൽ തൂങ്ങിക്കിടക്കുന്ന കറുത്ത തൊങ്ങലുകളുണ്ട്. ചരിവും പാറക്കല്ലുകളും നിറഞ്ഞ മലമേഖലയിലും വനങ്ങളിലും മേയുന്നതിനും പുഴയും തോടും കടക്കുന്നതിനും അനുയോജ്യമായ കരുത്തുള്ള നീളൻ കൈകാലുകളും ഉറപ്പുള്ള കുളമ്പുകളും കരിയാടുകളുടെ സവിശേഷതയാണ്.

വാലിന് ചെറിയ വളവുണ്ട്. ആകർഷകമായ വാൽ രോമക്കൂട്ടം പോലെ കാണപ്പെടുന്നു. ഉറച്ച ശരീരം, പ്രതിരോധശേഷി, അതിജീവനസിദ്ധി എന്നിവ കൂടിച്ചേർന്ന ഈ തനതു ജനുസിനെ സംരക്ഷിക്കാൻ ഗോത്രവാസികൾ എക്കാലവും ശ്രദ്ധവയ്ക്കുന്നു.

വളരെ കുറഞ്ഞ അളവ് വെള്ളം മാത്രമേ ഈ ആടുകൾക്ക് ആവശ്യമുള്ളൂ. മറ്റിനം ആടുകൾ തിന്നാൻ മടിക്കുന്ന ഗുണമേന്മ കുറഞ്ഞ പുല്ലും പച്ചിലകളുമെല്ലാം ഇവ തിന്നും. അട്ടപ്പാടിയിലെ ആദിവാസികളുടെ പ്രധാന ഉപജീവന മാർഗങ്ങളിൽ ഒന്നാണ് ആടുവളർത്തൽ.

അട്ടപ്പാടി ബ്ലാക്ക് ഇനം ആടുകൾക്ക് കടുത്ത ചൂടിനെയും തണുപ്പിനെയും തരണം ചെയ്യാൻ കഴിയും. ഒൻപതു മാസം തികയും മുമ്പു പെണ്ണാടുകൾ ആദ്യ മദി ലക്ഷണം കാണിക്കും. പതിനാലാം മാസത്തിൽ ആദ്യ പ്രസവം നടക്കും.

സാധാരണ ഒരു കുഞ്ഞ് മാത്രമേ കണാറുള്ളൂ. ദിവസേന കാൽ ലിറ്ററിൽ താഴെയാണ് പാലുത്പാദനം. പാലിന്റെ ലഭ്യത അഞ്ചു മാസമാണ്. ആദിവാസികൾ മാംസാവശ്യത്തിനാണ് അട്ടപ്പാടി ആടുകളെ പ്രധാനമായും വളർത്തുന്നത്.

വിവാഹത്തിനും ആഘോഷങ്ങളിലും ആടുകളെ കൊന്നു ഭക്ഷിക്കുക പതിവാണ്. രുചിയിലും ഗുണത്തിലും മുന്നിലായതിനാൽ വിപണിയിൽ അട്ടപ്പാടി ആട്ടിറച്ചിക്ക് മൂല്യം ഏറെയാണ്.

മാംസാവശ്യത്തിനുള്ള വിൽപനയും കശാപ്പും വ്യാപകമായതോടെ അട്ടപ്പാടി ആടുകൾ വംശനാശത്തിൻറെ വക്കിലാണ്. ഏകദേശം നാലായിരത്തോളം കരിയാടുകളാണ് അട്ടപ്പാടിമേഖലയിൽ അവശേഷിക്കുന്നത്.

ഒന്നര വയസുള്ള മുട്ടനാടിന് നാൽപതു കിലോ വരെയും പെണ്ണാടുകൾക്ക് മുപ്പതു കിലോ വരെയും തൂക്കമുണ്ടാവും. കൂട്ടമായി വൈകുവോളം മേഞ്ഞു തീറ്റ അകത്താക്കാൻ ഇഷ്ടപ്പെടുന്ന ഇനമായതിനാൽ കൂട്ടിൽ കെട്ടിയിട്ട് വളർത്താൻ അത്ര അനുയോജ്യമല്ല.

രക്തബന്ധമുള്ള ആടുകൾ തമ്മിലുള്ള അന്തർപ്രജനനം വ്യാപകമായതും മേയുന്നതിനിടെ മറ്റ് ജനുസിൽപെട്ട ആടുകളുമായുള്ള വർഗസങ്കരണവും കരിയാടിന്റെ വംശനാശത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

ആദിവാസികൾ കൃഷിയിടത്തിൽ വളമായി നൽകുന്നത് കരിയാടുകളുടെ കാഷ്ഠമാണ്. ഈ ഇനത്തെ സംരക്ഷിക്കുന്നത് അട്ടപ്പാടിയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംരക്ഷണകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

പാലക്കാട് ധോണിയിലെ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ഫാമിലും വെറ്ററിനറി സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി വെറ്ററിനറി കോളജിലെ ആട് വളർത്തൽ കേന്ദ്രത്തിലും പാലക്കാട് തിരുവിഴാംകുന്ന് ഫാമിലും അട്ടപ്പാടി ആടുകളെ പരിരക്ഷിക്കുന്നുണ്ട്.

ആദിവാസികൾക്കിടയിൽ ആടുവളർത്തൽ ഒരനുബന്ധ ജീവിതമാർഗമാക്കുന്നതിനും കറുത്ത ആടിൻറെ വംശശുദ്ധി നിലനിറുത്തുന്നതിനുമായാണ് 1989ൽ അട്ടപ്പാടിയിൽ ആടുവളർത്തൽ കേന്ദ്രം ആരംഭിച്ചത്.

അട്ടപ്പാടിയുടെ മണ്ണിൽ ഉരുത്തിരിഞ്ഞതും ഈ നാടിൻറെ മാത്രം പൈതൃകസന്പത്തുമായ കരിയാടുകൾ ഭൗമ സൂചിക പദവി ലഭിക്കാൻ അർഹമാണ്.

# കൃഷിയിടങ്ങൾ രാജ്യത്തിന്റെ ഭാവി നിശ്ചയിക്കും: മന്ത്രി പി. പ്രസാദ്

**കൊച്ചി:** രാജ്യത്തിന്റെ ഭാവി കൃഷിയിടങ്ങളെ ആശ്രയിച്ചാണ് നിലനിൽക്കുന്നതെന്ന് കൃഷിമന്ത്രി പി. പ്രസാദ്. സമ്മിറ്റ് ഓഫ് ഫ്യൂച്ചറിന്റെ ഭാഗമായി ക്യാമ്പസിൽ വൃക്ഷത്തൈ നട്ടു കൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. കൃഷിയിൽ സുസ്ഥിരത അനിവാര്യമാണെന്ന് അഭിപ്രായപ്പെട്ട അദ്ദേഹം, 2050ൽ നിലവിൽ ഉത്പാദിപ്പിക്കുന്നതിൽ നിന്നും 60 ശതമാനം കൂടുതൽ ഭക്ഷ്യ ഉത്പന്നങ്ങൾ വേണ്ടി വരുമെന്നും വ്യക്തമാക്കി. ആധുനിക കാലത്ത് കൃഷിയിടങ്ങൾ ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. ജനസംഖ്യ വർദ്ധിക്കുന്നതിന് അനുസരിച്ച് ഭക്ഷണത്തിന്റെ ആവശ്യകത കൂടും. കൃഷിയെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ അടുത്ത ലോകമഹായുദ്ധം ഭക്ഷണത്തിന് വേണ്ടിയാകുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

വിശപ്പിന് മാത്രമാണ് ശാശ്വത പരിഹാരം കണ്ടെത്താനാകാത്തതെന്നും അതിനുള്ള ഏക പരിഹാരം ഭക്ഷമാണെന്നും മന്ത്രി പറഞ്ഞു. 'നിർമ്മിതബുദ്ധിയുടെ വികാസം അത്ഭുതപ്പെടുത്തുമെങ്കിലും ലോകത്തെ ഏറ്റവും വലിയ കണ്ടുപിടുത്തം കൃഷിയാണ്. മനുഷ്യൻ പ്രകൃതിയിൽ നിന്ന് കണ്ടുപഠിച്ചതാണ് കൃഷി. ജീവന്റെ നിലനിൽപ്പിന്റെ പ്രധാനഘടകം ഭക്ഷണമാണ്. അതാണ് കൃഷിയാണ് ലോകത്തെ ഏറ്റവും വലിയ കണ്ടുപിടുത്തം എന്ന് ഞാൻ വാദിക്കുന്നത്' മന്ത്രി പറഞ്ഞു.

ഭക്ഷണം എല്ലാവരുടെയും അവകാശമാണ്. കൃഷിഭൂമി കോർപ്പറേറ്റ് ഭീമന്മാരുടെ കൈവശമെത്തിയാൽ ഈ അവകാശം ലംഘിക്കപ്പെട്ടേക്കാം. വിശപ്പിന് വിലയിടുന്നത് അനുവദിച്ചാൽ വലിയ ദുരന്തത്തിന് വഴിയൊരുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. യുവതലമുറയെ ഭൂമിയെ സ്നേഹിക്കുവാൻ പഠിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇന്ന് കാണപ്പെടുന്ന ഭൂരിഭാഗം രോഗങ്ങൾക്കും കാരണം അനാരോഗ്യകരമായ ഭക്ഷണമാണ്. ഇവിടെയാണ് രാജ്യം കൃഷിക്ക് കൂടുതൽ പ്രധാന്യം നൽകേണ്ടതിന്റെ ആവശ്യകത. നാളെയെ കുറിച്ചുള്ള വലിയ സ്വപ്നങ്ങളും കാഴ്ച്ചപ്പാടുകളുമാണ് സമ്മിറ്റ് ഓഫ് ഫ്യൂച്ചറിൽ ചർച്ചയാകുന്നത്. ആഗോള ശ്രദ്ധനേടുന്ന പരിപാടിയിൽ കൃഷിയും പ്രകൃതിയും പ്രധാന വിഷയങ്ങളായതിനാൽ യുവതലമുറയ്ക്ക് കൃഷിയുടെ പ്രധാന്യം പകർന്നു നൽകാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.



# ഡോ.ജോസ് ചാക്കോ പെരിയപ്പുറത്തിന് ആശംസയുമായി അവർ എത്തി

**കൊച്ചി:** തങ്ങൾക്ക് രണ്ടാം ജന്മം നൽകിയ ഡോക്ടർക്ക് രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചതിന്റെ സന്തോഷം പങ്കുവയ്ക്കാനായി താമര മാലയുമായി അവർ എത്തി. ലിസി ആശുപത്രിയിൽ വിജയകരമായ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ ശ്രുതി ശശി,ഡിനോയ് തോമസ്, ഗിരീഷ്കുമാർ, മാത്യു അച്ചാടൻ, സണ്ണി തോമസ്, ജിതേഷിന്റെ പിതാവ് ജയദേവൻ എന്നിവരാണ് ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തെ നേരിട്ട് കണ്ട് അഭിനന്ദിക്കുന്നതിനായി ലിസി ആശുപത്രിയിൽ എത്തിച്ചേർന്നത്. ഇന്ത്യയിൽ ആദ്യമായി രണ്ടാമതും ഹൃദയം മാറ്റിവച്ച ഗിരീഷ്കുമാറാണ് ഇങ്ങനെയൊരു കൂടിക്കാഴ്ചയ്ക്ക് മുൻകൈ എടുത്തത്. പെട്ടെന്ന് തയ്യാറാക്കിയ പദ്ധതിയായതുക്കൊണ്ട് എല്ലാവർക്കും എത്തിച്ചേരുവാൻ സാധിച്ചില്ല. അപ്രതീക്ഷിതമായി കടന്നുവന്ന അതിഥികളെ ഡോ. ജോസ് ചാക്കോ പെരിയപ്പുറം സന്തോഷത്തോടെ സ്വീകരിച്ചു. തന്നെ കാണുവാൻ എത്തിയവർ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷം സ്വന്തമായി ജോലി ചെയ്തു മുന്നോട്ടു പോകുന്നതിൽ ഡോക്ടർ ജോസ് ചാക്കോ പെരിപ്പുറം സന്തോഷം പ്രകടിപ്പിച്ചു. അവരുടെ ആത്മവിശ്വാസത്തിനുള്ള അംഗീകാരം കൂടിയാണ് തനിക്ക് ലഭിച്ച ബഹുമതിയെന്ന് അദ്ദേഹം പറഞ്ഞു. അവർ കഴുത്തിൽ അണിയിച്ച് തന്ന താമരമാലയും ഇട്ട് മധുരം പങ്കുവച്ചാണ് ഡോക്ടർ അടുത്ത ഓപ്പറേഷനിലേക്ക് കടന്നത്.

# എ.എച്ച്.പി.ഐ: ഡോ.എം.ഐ സഹദുള്ള അഖിലേന്ത്യ പ്രസിഡന്റ്

**കൊച്ചി:** അസോസിയേഷൻ ഓഫ് ഹെൽത്ത്കെയർ പ്രൊവൈഡേഴ്സ് ഇന്ത്യയുടെ (എ.എച്ച്.പി.ഐ) അഖിലേന്ത്യ പ്രസിഡന്റായി കിംസ്ഹെൽത്ത് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എം.ഐ സഹദുള്ളയെ തിരഞ്ഞെടുത്തു. റീജൻസി ഹോസ്പിറ്റൽ സ്ഥാപകനും മാനേജിങ് ഡയറക്ടറുമായ ഡോ. അതുൽ കപൂർ അഖിലേന്ത്യാ ട്രെഷററായും ചുമതലയേറ്റു.ഡയറക്ടർ ജനറലായി ഡോ.ഗിർധർ ഗ്യാനി തുടരും. പുതിയ ഭാരവാഹികൾ 2027 വരെ എ.എച്ച്.പി.ഐയെ നയിക്കും. കൊച്ചിയിൽ നടന്ന വാർഷിക പൊതുയോഗത്തിലാണ് പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചത്.



അടിസ്ഥാന ആരോഗ്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാരുമായും ആരോഗ്യരംഗത്തെ റെഗുലേറ്ററി ബോഡികൾ, മറ്റ് സ്റ്റേക്ക്ഹോൾഡേഴ്സ് തുടങ്ങിയവരുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഒരു നോൺ പ്രോഫിറ്റ് സംഘടനയാണ് എ.എച്ച്.പി.ഐ. ഇന്ത്യയിലെ പ്രധാന ആരോഗ്യ സേവനദാതാക്കളെല്ലാം എ.എച്ച്.പി.ഐ അംഗങ്ങളാണ്.

# എഎച്ച്പിഐ ദ്വിദിന അന്താരാഷ്ട്ര കോൺക്ലേവിന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** രോഗീ കേന്ദ്രീകൃത പരിചരണം; ഹോസ്പിറ്റൽ മാനേജ്മെന്റിലെ വിപ്ലവകരമായ മാറ്റങ്ങൾ എന്ന വിഷയത്തിൽ അസോസിയേഷൻ ഓഫ് ഹെൽത്ത്കെയർ പ്രൊവൈഡേഴ്സ് ഇന്ത്യ സംഘടിപ്പിക്കുന്ന ദ്വിദിന അന്താരാഷ്ട്ര കോൺക്ലേവിന് കൊച്ചി ലേ മെറീഡിയനിൽ തുടക്കമായി.

കിംസ്ഹെൽത്ത് മാനേജിംഗ് ഡയറക്ടറും ചെയർമാനുമായ ഡോ. എം.ഐ സഹദുള്ള, രാജഗിരി ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺസൺ വാഴപ്പിള്ളി, കിൻഡർ ഹോസ്പിറ്റൽസ് സിഇഒ രഞ്ജിത് കൃഷ്ണൻ, എഎച്ച്പിഐ ഡയറക്ടർ ജനറൽ ഡോ. ഗിർധർ ഗ്യാനി, പ്രസിഡന്റ് ഡോ. ഭബതോഷ് ബിശ്വാസ്, സ്ഥാപകാംഗമായ ഡോ. അലക്സ് തോമസ്, ഡയറക്ടർ ഡോ. സുനിൽ ഖേതർപൽ തുടങ്ങി രാജ്യത്തിനകത്തും പുറത്തുമുള്ള ആരോഗ്യമേഖലയിലെ നിരവധി പ്രമുഖർ കോൺക്ലേവിൽ പങ്കെടുക്കുകയും സെഷനുകൾ കൈകാര്യം ചെയ്യുകയും ചെയ്തു. യൂണിവേഴ്സൽ ഹെൽത്ത് കവറേജ് സാധ്യമാക്കുന്നതിലേക്കുള്ള മാർഗങ്ങൾ, രോഗീകൃത പരിചരണ മാതൃകകൾ, സുസ്ഥിര ആരോഗ്യപരിപാലന അടിസ്ഥാന സൗകര്യങ്ങൾ, നൂതന ഇൻഫർമേഷൻ ടെക്നോളജി സംവിധാനങ്ങൾ പ്രാബല്യത്തിലാക്കൽ, ചിലവും ഗുണമേന്മയും സന്തുലിതമായ ഹോസ്പിറ്റൽ മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സെഷനുകൾ നടന്നു. ആരോഗ്യമേഖലയിലെ പ്രമുഖർ ക്ലാസുകൾ നയിച്ചു.

ഗുണമേന്മ ഉറപ്പാക്കിക്കൊണ്ടുള്ള രോഗീ കേന്ദ്രീകൃത ആരോഗ്യ പരിചരണ രീതികൾ, രോഗീ സൗഹൃദ ആരോഗ്യപരിചരണം, ഡോക്ടർ രോഗീ ബന്ധം, മിതമായ നിരക്കിലുള്ള ആരോഗ്യപരിചരണ രീതികളുടെ ആവശ്യകത, യൂണിവേഴ്സൽ ഹെൽത്ത്കെയർ മാനദണ്ഡങ്ങളുടെ ആവശ്യകത തുടങ്ങിയ വിഷയങ്ങൾ കോൺക്ലേവിൽ പ്രധാന ചർച്ചകളായി. രണ്ട് ദിവസങ്ങളിലായി കൊച്ചി ലേ മെറിഡിയനിൽ നടക്കുന്ന കോൺക്ലേവ് നാളെ സമാപിക്കും.

# പാൽവില ഇൻസെന്റീവ് 15 രൂപയായി വർദ്ധിപ്പിച്ച് മിൽമ

**കൊച്ചി:** മിൽമ എറണാകുളംമേഖലാ യൂണിയൻ സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും 2024 ആഗസ്റ്റ് 11ാം തീയതിമുതൽ ജനുവരി 31 വരെ പ്രോത്സാഹന അധികവിലയായി നൽകികൊണ്ടിരിക്കുന്ന 10/ രൂപ 2025 ഫെബ്രുവരി 1 മുതൽമാർച്ച് 31 വരെ 15/ രൂപയാക്കി അധികം നൽകുന്നതിന് ഭരണസമിതിയോഗം തീരുമാനിച്ചതായി ചെയർമാൻ ശ്രീ.വത്സലൻപിള്ള അറിയിച്ചു. എറണാകുളം, തൃശൂർ, കോട്ടയം,ഇടുക്കി ജില്ലകളിലെ 1000 ൽ പരം വരുന്ന പ്രാഥമിക ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കും, സംഘങ്ങൾക്കുമാണ് ഇതിൻറെ പ്രയോജനം ലഭിക്കുക.ഇതിൽ 8 രൂപ കർഷകനും, 7 രൂപ സംഘത്തിനും , സംഘത്തിനു നൽകുന്ന 7 രൂപയിൽ നിന്നും 1 രൂപ മേഖലായൂണിയൻറെഷെയർആയും മാറ്റും.കർഷകർക്കുംസംഘങ്ങൾക്കുമായി പരമാവധി അധികപാൽവില നൽകുവാനാണ്മേഖലാ യൂണിയൻ ശ്രമിക്കുന്നത് . ഇന്ത്യയിലെ ക്ഷീരോൽപ്പാദകയൂണിയനുകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഏറ്റവുംകൂടിയ പ്രോത്സാഹന അധികവിലയാണ് മേഖലായൂണിയൻ നൽകുന്നത്. മേഖലായൂണിയൻറെ പ്രവർത്തന ലാഭത്തിൽ നിന്നും 24 കോടിരൂപയാണ് ഈ ഇനത്തിൽചിലവ് പ്രതീക്ഷി ക്കുന്നുത്. ഫാം സെക്യൂരിലെകർഷകർക്കായികൂടുതൽ പരിശീലന പരിപാടികൾ സംഘടപ്പിക്കുമെന്നും ചെയർമാൻ അറിയിച്ചു. വൈവിധ്യവൽകരണത്തിൻറെ പാതയിലൂടെയും മികച്ച പ്രവർത്തനങ്ങളിലൂടെയും നല്ല സാമ്പത്തികനിലയിൽ പ്രവർത്തിക്കുന്ന മിൽമ എറണാകുളംമേഖലാ യൂണിയൻ കഴിഞ്ഞ ഭരണസമിതിതുടങ്ങിവെച്ച പദ്ധതികളുടെ തുടർ പ്രവർത്തനങ്ങളും, പുതിയ പദ്ധതികളും ആരംഭിച്ച്കൊണ്ട്മുന്നോട്ട് പോകുകയാണ്. മിൽമ റിഫ്രഷെജ് റസ്റ്റോറൻറ് എന്ന പേരിൽ ക്ഷീരസഹകരണ മേഖലയിൽമിൽമ എറണാകുളംമേഖലാ യൂണിയൻ ആരംഭിച്ച മിൽമ റിഫ്രഷെജ്ശൃംഖലയുടെതൃശ്ശൂർ ജില്ലയിലെ രണ്ടാമത്തെ റസ്റ്റോറൻറ്തൃശ്ശൂരിൽമിൽമ ട്രെയിനിംഗ്സെൻറർ കോമ്പൗണ്ടിനോട്ചേർന്ന് പണി പൂത്തീകരിച്ചിരി കയാണ്. ഈ മാർച്ച് 31 ന് മുൻപായി പ്രവർത്തനം ആരംഭിക്കും. വൈവിധ്യവൽക്കരണത്തിൻറെ ഭാഗമായികേരളത്തിൽ ആദ്യമായി എറണാകുളം മേഖലാ യൂണിയൻ ചാലക്കുടിയിൽ ആരംഭിച്ച ബേക്കറിയൂണിറ്റ് വളരെ വിജയകരമായി പ്രവർത്തിക്കുന്നു. മൂവാറ്റുപ്പുഴ, മരങ്ങാട്ടുപ്പള്ളി എന്നിവിടങ്ങളിലും ബേക്കറിയൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും ചെയർമാൻ വത്സലൻപിള്ള പറഞ്ഞു.

# യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ആറ് ഐബിഎ ബാങ്കിംഗ് ടെക്നോളജി അവാർഡുകൾ നേടി

**മുംബൈ:** മുംബൈയിൽ നടന്ന ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ (ഐബിഎ) ബാങ്കിംഗ് ടെക്നോളജി അവാർഡ്സ് 20ാമത് പതിപ്പിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ലാർജ് ബാങ്കുകളുടെ വിഭാഗത്തിൽ ആറ് അവാർഡുകൾ നേടി.

മികച്ച ടെക്നോളജി ബാങ്ക്, മികച്ച ടെക് പ്രതിഭയും സ്ഥാപനവും, ഡിജിറ്റൽ വിൽപ്പന, പേയ്മെന്റുകൾ & ഇടപെടൽ, ഐടി റിസ്ക് മാനേജ്മെന്റ്, ഫിൻടെക് & ഡിപിഐ അഡോപ്ഷൻ, സാമ്പത്തിക ഉൾപ്പെടുത്തൽ എന്നീ വിഭാഗങ്ങളിലെ മികച്ച പ്രകടനത്തിനാണ് അവാർഡുകൾ.



ഉപഭോക്തൃ സൗകര്യം വർദ്ധിപ്പിക്കുന്നതിനും തുടർച്ചയായ പുരോഗതി കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ബാങ്കിന്റെ നൂതന ശ്രമങ്ങളാണ് ഈ അവാർഡുകളിലൂടെ അംഗീകരിക്കപ്പെട്ടത്. ഉപഭോക്തൃ കേന്ദ്രീകൃതവും ജീവനക്കാരെ കേന്ദ്രീകരിച്ചുള്ളതുമായ സംരംഭങ്ങളിലൂടെ സമഗ്രവും പ്രതികരണശേഷിയുള്ളതും ഉത്തരവാദിത്തമുള്ളതുമായ ബാങ്കിംഗിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, അടുത്ത തലമുറയിലെ ഡിജിറ്റൽ രംഗത്ത് മുന്നേറുന്ന ബാങ്കായി മാറാനുള്ള യൂണിയൻ ബാങ്കിന്റെ പ്രതിബദ്ധത ഈ നേട്ടങ്ങൾ വീണ്ടും ഉറപ്പിക്കുന്നു.

വ്യവസായത്തിൽ മുൻപന്തിയിലുള്ള ഒരു പ്രതിഭാ കൂട്ടായ്മ സൃഷ്ടിക്കുന്നതിലും, ഉപഭോക്തൃ അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകളും നൂതന പരിഹാരങ്ങളും പ്രയോജനപ്പെടുത്തുന്നതിലും ബാങ്ക് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.

# കെട്ടിട നിർമാണസാമഗ്രികളുടെ എക്സ്പോ  ഡൽഹിയിൽ

**കൊച്ചി :** കാലാവസ്ഥയ്ക്ക് അനുസരിച്ച് മാറിവരുന്ന കെട്ടിടങ്ങൾക്ക് ഉപയോഗിക്കുന്ന നിർമാണ സാമഗ്രികളുടെ രാജ്യത്തെ ഏറ്റവും വലിയ എക്സ്പോ 'വൈബ്രന്റ് ബിൽഡ്കോൺ 2025' ഡൽഹിയിൽ ഏപ്രിൽ 13മുതൽ 16വരെ നടക്കും. കെട്ടിട നിർമാണത്തിന് ആവശ്യമായ വസ്തുക്കളുടെ വിപണി വിപുലീകരണം സാധ്യമാക്കുക, ഇന്ത്യയിൽ നിർമിക്കുന്ന വസ്തുക്കളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക, വിദേശ വിപണികൾ കണ്ടെത്തുക, നൂതന രീതിയിലുള്ള നിർമാണസാമഗ്രികളുടെ പ്രദർശനം എന്നിവയാണ് എക്സ്പോയിലൂടെ ലക്ഷ്യമിടുന്നത്. നാലു ദിവസങ്ങളിയായി നടക്കുന്ന എക്സ്പോയിൽ ഒന്നര ലക്ഷത്തോളം സന്ദർശകരെയാണ് പ്രതീക്ഷിക്കുന്നത്. എക്സ്പോയുടെ ബ്രാൻഡ് അംബാസിഡറായി ബോളിവുഡ് താരം സുനിൽ ഷെട്ടിയെ തെരെഞ്ഞെടുത്തു. ഇന്ത്യൻ ഉൽപന്നങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന മേക്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് തുടങ്ങിയ പദ്ധതികളുടെ ഭാഗമായാണ് എക്സ്പോ സംഘടിപ്പിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്കു https://vibrantbuildcon.com/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# വിപിഎസ് ലേക്ഷോറിൽ ആവാസ് ആരംഭിച്ചു

**കൊച്ചി :** ശ്വാസനാള ,അന്നനാള രോഗങ്ങളുടെയും ശബ്ദവൈകല്യങ്ങളുടെയും രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കേരളത്തിലെ ആദ്യ അഡ്വാൻസ്ഡ് സെന്റർ ഫോർ എയർവേ, വോയ്സ്, ആൻഡ് സ്വാളോവിങ് സെന്റർ (ആവാസ്) കൊച്ചി വിപിഎസ് ലേക്ഷോറിൽ പ്രവർത്തനം  ആരംഭിച്ചു.ശബ്ദനാളം, അന്നനാളം, എന്നിവയുടെ പ്രവർത്തനത്തെ  ബാധിക്കുന്ന എല്ലാ അസുഖങ്ങളുടെയും ചികിത്സ ഒറ്റ കുടക്കീഴിൽ ലഭ്യമാകും എന്നതാണ് ആവാസിന്റെ പ്രത്യേകത. നടി ജ്യുവൽ മേരി സെന്ററിന്റെ  ഉദ്ഘാടനം നിർവഹിച്ചു. വിപിഎസ് ലേക്ഷോർ മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള അധ്യക്ഷത വഹിച്ചു.വോക്കൽ കോർഡിനെ ബാധിക്കുന്ന അസുഖങ്ങൾ, വിഴുങ്ങാനുള്ള ബുദ്ധിമുട്ടുകൾ (ഡിസ്ഫാജിയ), വിട്ടുമാറാത്ത ചുമ, എയർവേ സ്റ്റെനോസിസ്, സംസാര വൈകല്യങ്ങൾ, തൊണ്ടയിലെ കാൻസർ തുടങ്ങിയ അവസ്ഥകളാൽ ബുദ്ധിമുട്ടുന്ന രോഗികൾക്ക് സമഗ്ര പരിചരണം ആണ് ആവാസ് പ്രധാനം ചെയ്യുന്നത്. അത്യാധുനിക ഡയഗ്നോസ്റ്റിക് ടൂളുകൾ, നൂതന ചികിത്സാ രീതികൾ എന്നിവയുടെ പിന്തുണയോടെ വിദഗ്ധ ഡോക്ടർമാരുടെ ഒരു സംഘമാണ് ഈ സെന്റർ നയിക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള പറഞ്ഞു.  വീഡിയോ സ്ട്രോബോസ്കോപ്പി, ഫൈബർ ഓപ്റ്റിക് എൻഡോസ്കോപ്പിക് ഇവാല്യൂവേഷൻ ഓഫ് സ്വാളോവിങ്  (ഫീസ്) എന്നിവ ഉൾപ്പെടെയുള്ള അത്യാധുനിക ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ ഈ സെന്ററിലുണ്ട്. ഇത് കൃത്യമായ വിലയിരുത്തലും ചികിത്സ ആസൂത്രണവും ഉറപ്പുവരുത്തുന്നു. ലേസർ സർജറികൾ, വോക്കൽ ഡിസോർഡറുകൾക്കുള്ള ചികിത്സകൾ, വ്യക്തിഗത വോയിസ് തെറാപ്പി പ്രോഗ്രാമുകൾ എന്നിവയും ലഭ്യമാണെന്നും എസ് കെ അബ്ദുള്ള പറഞ്ഞു.

# യുടിഐ മ്യൂചൽ പുതിയ  ഇൻഡക്സ് ഫണ്ടുകൾ അവതരിപ്പിച്ചു

**കൊച്ചി:** യുടിഐ മ്യൂചൽ ഫണ്ട് യുടിഐ നിഫ്റ്റി മിഡ്സ്മോൾ കാപ് 400 മൊമന്റെ ക്വാളിറ്റി 100 ഇൻഡക്സ് ഫണ്ട്, യുടിഐ നിഫ്റ്റി മാനുഫാക്ചറിങ് ഇൻഡക്സ് ഫണ്ട് എന്നീ രണ്ട് ഓപ്പൺ എൻഡഡ് ഇൻഡക്സ് പദ്ധതികൾ അവതരിപ്പിച്ചു.  നിഫ്റ്റി മിഡ്സ്മോൾ ക്യാപ്പ് 400 മൊമൻറം ക്വാളിറ്റി 100 ടോട്ടൽ റിട്ടേൺ സൂചിക, നിഫ്റ്റി ഇന്ത്യ മാനുഫാക്ചറിങ് ടോട്ടൽ റിട്ടേൺ സൂചിക എന്നിവയെ പിന്തുടരുന്നവയാണ് ഈ പദ്ധതികളെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ജനുവരി 28 മുതൽ ഫെബ്രുവരി പത്തു വരെയാണ് ഇരു ഫണ്ടുകളുടേയും എൻഫ്ഒ കാലാവധി.  കുറഞ്ഞത് ആയിരം രൂപയും തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളും നിക്ഷേപിക്കാം.

# റിലയൻസ് ഡിജിറ്റലിൽ ഡിജിറ്റൽ ഇന്ത്യ സെയിൽ

**കൊച്ചി/ മുംബൈ:** ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് വിൽപ്പനയായ ഡിജിറ്റൽ ഇന്ത്യ സെയിൽ,  റിലയൻസ് ഡിജിറ്റൽ ആരംഭിച്ചു. പ്രമുഖ ബാങ്ക് കാർഡുകൾ ഉപയോഗിച്ച് പേയ്മെന്റ് നടത്തുമ്പോൾ  ഉപഭോക്താക്കൾക്ക് 26000 വരെ ഇൻസ്റ്റന്റ് ഡിസ്കൗണ്ട് ലഭ്യമാകുമെന്ന് റിലയൻസ് അധികൃതർ വ്യക്തമാക്കി. എല്ലാ റിലയൻസ് ഡിജിറ്റൽ, മൈ ജിയോ സ്റ്റോറുകളിലും www.reliance digital.in എന്ന വെബ്സൈറ്റിലും ഈ ഓഫർ ബാധകമാണ്. സ്റ്റോറിൽ നിന്ന് വാങ്ങുന്നവർക്ക് കൺസ്യൂമർ ഡ്യൂറബിൾ ലോണുകളിൽ 26000 വരെ ക്യാഷ്ബാക്ക് ലഭിക്കുന്ന ഒന്നിലധികം ഫിനാൻസ് ഓപ്ഷനുകളിൽ നിന്നും തിരഞ്ഞെടുക്കാം.



# കർഷക സംഗമവും ഫീൽഡ് പ്രദർശനവും സംഘടിപ്പിച്ചു

**കൊച്ചി:**  സ്വച്ഛതാ ആക്ഷൻ പ്ലാനിന്റെ കീഴിൽ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റും സ്റ്റേറ്റ് സീഡ് ഫാമും ചേർന്ന് 'മത്സ്യാവശിഷ്ടത്തിൽ നിന്ന് മൽസ്യ തീറ്റയും ജൈവവളനിർമ്മാണവും' എന്ന വിഷയത്തിൽ കർഷക സംഗമവും  പരിശീലന പ്രദർശനവും ഒക്കൽ ഫാം ഫെസ്റ്റിൽ  സംഘടിപ്പിച്ചു. കൃഷിയിലെ സുസ്ഥിരമായ രീതികളും നൂതനമായ ആശയങ്ങളും ചർച്ച ചെയ്യാൻ കർഷകരെയും ശാസ്ത്രജ്ഞരെയും കാർഷിക വിദഗ്ദരേയും ഒരുമിച്ച് കൊണ്ടുവരുക എന്നതാണ് സംഗമത്തിന്റെ ലക്ഷ്യം.സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ്ജ് നൈനാൻ  അധ്യക്ഷത  വഹിച്ചു. മാലിന്യ സംസ്കരണത്തിൽ സംയുക്ത സഹകരണത്തിനുള്ള  ധാരണാപത്രം സിഫ്ട് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ സീനിയർ അഗ്രികൾച്ചർ ഓഫീസർ ഫിലിപ്പ് ജിക്ക് കൈമാറി.മത്സ്യമാർക്കറ്റിലെ മാലിന്യം മൽസ്യ തീറ്റയും ജൈവവളവുമാക്കി മാറ്റുന്നതിനെക്കുറിച്ചുള്ള  ഉൽപ്പാദന പ്രക്രിയയുടെ വിശദാംശങ്ങൾ സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. ബിൻസി പി.കെയും ഡോ. എ ജയകുമാരിയും  അവതരിപ്പിച്ചു. സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.സൈനുദ്ധീൻ എ.എ യും മറ്റ് ശാസ്ത്രജ്ഞരും കർഷകരുമായി ചർച്ച നടത്തുകയും സംശയങ്ങൾക്ക് ഉത്തരം നൽകുകയും സിഫ്റ്റിലെ സാങ്കേതികവിദ്യകളെ കുറിച്ച് കർഷകർക്ക് വിദഗ്ധ മാർഗനിർദേശവും നൽകി.

ഫിലിപ്പ് ജി, സീനിയർ അഗ്രികൾച്ചർ ഓഫീസർ , കൃഷി വകുപ്പ് ; സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും എസ്.എ.പി നോഡൽ ഓഫീസറുമായ ഡോ. ഗീതാലക്ഷ്മി വി എന്നിവർ പരിപാടിയിൽ സംസാരിച്ചു.  അറുപതോളം കർഷകരും കൃഷി ഓഫീസർമാരും സംഗമത്തിൽ പങ്കെടുത്തു.

# നിർമ്മിതബുദ്ധി വെല്ലുവിളിയല്ലെന്ന് സമ്മിറ്റ് ഓഫ് ഫ്യൂച്ചർ

**കൊച്ചി:** എഐ വന്നാലും മനുഷ്യനു പകരം വെയ്ക്കാൻ മറ്റൊന്നിനും കഴിയില്ലെന്ന് ജെയിൻ സർവ്വകലാശാലയുടെ ന്യൂ ഇനീഷ്യേറ്റീവ് ഡയറക്ടറും സ്റ്റാർട്ടപ്പ് നിക്ഷേപകനുമായ

ഡോ ടോം ജോസഫ്. ഏത് ബിസിനസിന്റെയും താക്കോൽ എന്നു പറയുന്നത് ജനങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു. സമ്മിറ്റ് ഓഫ് ഫ്യൂച്ചർ 2025ൽ 'നാം ഉയർച്ചയിലേക്ക്' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.'എങ്ങനെ സമ്പത്ത് ഉത്പാദിപ്പിക്കാം എങ്ങനെ ലാഭം ഉണ്ടാക്കാം എന്നു ചിന്തിക്കാതെ ബിസിനസ് വളരുകയില്ല. ഏത് ബിസിനസിന്റെയും താക്കോൽ എന്നു പറയുന്നത് ജനങ്ങളാണ്. എഐ വന്നാലും മനുഷ്യനു പകരം മനുഷ്യൻ മാത്രമേയുള്ളൂ. സ്റ്റാർട്ടപ്പ് പാഷനും ഫാഷനുമായിക്കൊണ്ടിരിക്കുകയാണ്. നേരത്തെ സിനിമ എഴുത്ത് പാഷനായിരുന്നു. പത്ത് പേര് കഥ കേട്ടുകഴിഞ്ഞാൽ പണി നിർത്തി പോകും. സ്റ്റാർട്ടപ്പ് മേഖലയിൽ തിരുത്തൽ പ്രവർത്തനം വേണം. സ്റ്റാർട്ടപ്പ് ആശയവുമായി വരുമ്പോൾ അത് പ്രാവർത്തികമാക്കാൻ കഴിയുന്നതല്ലെങ്കിൽ അവരെ പറഞ്ഞ് മനസിലാക്കി കൊടുക്കണം. ഒന്നിനും കൊള്ളാത്ത ആശയങ്ങളെ പ്രോത്സാഹിപ്പിച്ചാണ് ഇവിടെ ചിലർ സ്റ്റാർട്ടപ്പ് മേഖലയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നും  ടോം ജോസഫ് പറഞ്ഞു.എഐ മനുഷ്യനു പകരംവെക്കാൻ സാധിക്കില്ല. എന്നാൽ നമ്മുടെ ജോലി എളുപ്പമാക്കാൻ നിർമ്മിത ബുദ്ധികൊണ്ട് കഴിയും. വരും തലമുറയ്ക്ക് ഇത്തരം സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വെബ്സൈറ്റ് പോലുള്ള സങ്കേതങ്ങൾ നിമിഷ നേരംകൊണ്ട് നിർമ്മിക്കാൻ കഴിയും. 'ക്ലിക്ക് കൊമേഴ്സി'നാണ് ഇത്തരം സാങ്കേതിക വിദ്യകൾ സഹായകരമാകുകയെന്ന് റോംസ് ആന്റ് റാക്സ് സഹസ്ഥാപകൻ തരുൺ ലീ ജോസ് അഭിപ്രായപ്പെട്ടു.എഐയുടെ സഹായത്തോടെ ഉപഭോക്താവുമായി ഏത് ഭാഷയിൽ വേണമെങ്കിലും സംവദിക്കാൻ സാധിക്കുമെന്നും എഐ മനുഷ്യന് വെല്ലുവിളിയാകുമെന്ന് തനിക്ക് തോന്നുന്നില്ലെന്നും ഫെമി സേഫിന്റെ സഹസ്ഥാപക നൗറീൻ ആയിഷ പറഞ്ഞു.എഐ ഏറ്റവും കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ സാധ്യതയുള്ളത് വിദ്യാഭ്യാസ മേഖലയിലാണ്. കഴിഞ്ഞ നൂറ് വർഷത്തിനിടെ ഏറ്റവും കുറവ് മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളത് വിദ്യാഭ്യാസ മേഖലയിലാണ്. എന്റെ അച്ഛനും ഞാനും പഠിച്ചതും എന്റെ മകൻ പഠിക്കുന്നതും വേണമെങ്കിൽ ഒരേ രീതിയിലാണെന്ന് പറയാം. അന്നും ഇന്നും അറുപത് കുട്ടികൾക്ക് ഒരു ടീച്ചർ എന്ന നിലയിലാണ്. അതുകൊണ്ട് മിടുക്കൻമാരും ഉഴപ്പന്മാരും ക്ലാസിൽ ഉണ്ടാകും. ടീച്ചർക്ക് കുട്ടികളെ ശ്രദ്ധിക്കാൻ പരിമിതി ഉള്ളതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഇന്ന് ടെക്നോളജി ഉപയോഗിച്ച് പേഴ്സണലൈസ്ഡ് ലേണിങ് നടത്താൻ കഴിയും.' എഡ്യുപോർട്ട് അക്കാദമിയുടെ സ്ഥാപകൻ അജാസ് മുഹമ്മദ് വ്യക്തമാക്കി.ഇഎൽടി ഗ്ലോബലിന്റെ സഹസ്ഥാപകനും ഡയറക്ടറുമായ ദീപക് എച്ച്, എംഇഡിപിജിയുടെ സ്ഥാപകനും സിഇഒയുമായ ഡോ ബെൻസൺ ബെഞ്ചമിൻ എന്നിവരും ചർച്ചയിൽ പങ്കെടുത്തു.



സൊസൈറ്റി ടുഡേ SOCIETY TODAY



# എബിലിറ്റീസ് ഇന്ത്യ എക്സ്പോയ്ക്ക് തുടക്കം

**കൊച്ചി:** ഭിന്നശേഷിക്കാർക്കുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും ഭിന്നശേഷിയുള്ളവർ നിർമിച്ച ഉൽപ്പന്നങ്ങളും അവതരിപ്പിക്കുന്ന ആദ്യത്തെ സമഗ്ര ദേശീയ പ്രദർശനമായ എബിലിറ്റീസ് ഇന്ത്യാ എക്സ്പോയ്ക്ക് കൊച്ചി രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ തുടക്കമായി. വായ കൊണ്ട് ചിത്രങ്ങൾ വരച്ച് ശ്രദ്ധനേടിയ സുനിത ത്രിപ്പാണിക്കര, കാല് കൊണ്ട് ചിത്രം വരയ്ക്കുന്ന സ്വപ്ന അഗസ്റ്റിൻ എന്നിവർ എബിലിറ്റീസ് ഇന്ത്യ എക്സ്പോ എന്നെഴുതി ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭിന്നശേഷി കമ്മിഷണർ ഡോ. പി. ടി. ബാബുരാജൻ, കൊച്ചി മെട്രോ റെയിൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ ഐ. പി. എസ്. എന്നിവർ മുഖ്യാതിഥികളായി.സാധാരണക്കാർക്കുള്ള എല്ലാ അവകാശങ്ങളും അധികാരങ്ങളും അവസരങ്ങളും ഭിന്നശേഷിക്കാർക്കുമുണ്ടെന്നതിൽ ഊന്നിക്കൊണ്ട് ഭിന്നശേഷിക്കാർക്കും തുല്യനീതി ഉറപ്പുവരുത്താനുള്ള ശ്രമം കൂടിയായാണ് ഈ എക്സ്പോ വിലയിരുത്തപ്പെടുന്നതെന്ന് ഡോ. പി. ടി ബാബുരാജൻ പറഞ്ഞു. തങ്ങൾ നേരിടുന്ന വെല്ലുവിളികൾ കൊണ്ടൊന്നും ഭിന്നശേഷിക്കാർ പരാജയപ്പെടുകയില്ലെന്ന് ഈ പ്രദർശനം തെളിയിക്കുന്നു. ഇവിടുത്തെ സ്റ്റാളുകൾ ഭിന്നശേഷിക്കാർക്ക് മാത്രമല്ല എല്ലാവർക്കും പ്രചോദനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.സ്വപ്നയുടെയും സുനിതയുടെയും ചിത്രങ്ങൾ കൂടാതെ സി കെയർ ബെഡ് റീക്ലെയ്നർ അവതരിപ്പിക്കുന്ന കിടപ്പ് രോഗികൾക്കുള്ള സെൽഫ് ഓപ്പറേറ്റഡ് ബാക്ക് റസ്റ്റ്, മെഗറ റോബോട്ടിക്സ് ഫോർ ഹ്യൂമാനിറ്റി അവതരിപ്പിക്കുന്ന സ്വയം പ്രവർത്തിപ്പിക്കാവുന്ന വീൽചെയറുകൾ, സംസാരശേഷി നഷ്ടമായവർക്ക് കണ്ണുകൾ കൊണ്ട് ആശയവിനിമയം നടത്താൻ സഹായിക്കുന്ന ഉപകരണം തുടങ്ങിയ നിരവധി ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശനത്തിലുണ്ട്. കാഴ്ച ശേഷിയില്ലാത്ത സംരഭക ഗീത സലീഷിന്റെ ഗീതാസ് ഹോം ടു ഹോം വികസിപ്പിച്ചെടുത്ത കുർക്കു മീൽ, മഞ്ഞൾ പൊടി, ഫസ്റ്റ് ഡ്രിങ്ക് എന്നീ ഉൽപ്പന്നങ്ങളും ഇവിടെയുണ്ട്. ബെത്ലഹേം അഭയഭവനിലെ മാനസിക വെല്ലുവിളി നേരിടുന്നവർ നിർമ്മിച്ച വിവിധതരം ഉൽപ്പന്നങ്ങൾ, കൃത്രിമബുദ്ധിയുടെ സഹായത്തോടെ മാനസിക വെല്ലുവിളി നേരിടുന്നവരെ പഠിക്കാൻ സഹായിക്കുന്ന കൊഗ്നിറ്റി ആപ്പ്, തലച്ചോറിന് വ്യായാമം നൽകാൻ സഹായിക്കുന്ന കോയെക്സിൻ കമ്പനിയുടെ ഉൽപ്പന്നങ്ങൾ, തൃശൂർ വിഭിന്ന വൈഭവ വികസന വേദി നിർമ്മിച്ച വിവിധതരം ഉൽപ്പന്നങ്ങൾ എന്നിവയും പ്രദർശനത്തിലുണ്ട്. കാലിന് സ്വാധീനമില്ലാത്തവർക്ക് ഓടിക്കാനാകും വിധം മാറ്റം വരുത്തിയ ഓട്ടോ റിക്ഷയാണ് മറ്റൊരു ആകർഷണം. കാലിന് സ്വാധീനമില്ലാത്ത കൂവപ്പള്ളി സ്വദേശി ലിജുമോൻ ഫിലിപ്പാണ് തന്റെ സ്റ്റാർടെക് എൻജിനിയറിംഗ് എന്ന സ്ഥാപനത്തിലൂടെ ഇത് വികസിപ്പിച്ചെടുത്തത്. കൊച്ചിയിൽ അഞ്ച് ഓട്ടോറിക്ഷകൾ താൻ വികസിപ്പിച്ചെടുത്ത ഓട്ടോ ഹാൻഡിൽ ഉപയോഗിച്ച് ഓടുന്നുണ്ടെന്ന് ലിജുമോൻ പറയുന്നു. ഭിന്നശേഷി കലാകാരനായ എം. ആർ രതീഷിന്റെ പോട്രെയ്റ്റ് ചിത്രങ്ങൾ, പെൻസിൽ ഡ്രോയിംഗുകൾ തുടങ്ങിയവയും ആദ്യ ദിവസം പ്രദർശിപ്പിച്ചു. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ഉപകരണങ്ങൾ വലിയ തോതിലുള്ള വിലക്കുറവിലാണ് ഇവിടെ വിപണനം ചെയ്യുന്നത്.വോൽഷൽ എബിലിറ്റീസ് ആൻഡ് അസിസ്റ്റീവ് ടെക്നോളജീസ് ആണ് ഫെബ്രുവരി രണ്ട് വരെയുള്ള പ്രദർശനം സംഘടിപ്പിക്കുത്. രാവിലെ പതിനൊന്ന് മണി മുതൽ രാത്രി ഒമ്പത് മണി വരെയാണ് പ്രദർശനം.

# ദിഘോഗേ തോ ബിഘോഗേ കാമ്പയിനുമായി ആമസോൺ

**കൊച്ചി:** രാജ്യത്തെ ചെറുകിട വ്യാപാരികൾക്ക് ഓൺലൈൻ വിപണിയെക്കുറിച്ച് അവബോധം ശക്തിപ്പെടുത്താനും സാധ്യകൾ തുറന്നു കാട്ടാനുമായി ദിഘോഗേ തോ ബിഘോഗേ കാമ്പയിന് ആമസോൺ ഇന്ത്യ തുടക്കമിട്ടു. മൂന്ന് പരസ്യ വീഡിയോകൾ ഉൾപ്പെടുന്ന ഈ കാമ്പയിനിലൂടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി പാരമ്പര്യേതര വഴികൾ സ്വീകരിക്കുന്ന വ്യാപാരികളെയാണ് ആമസോൺ ഇന്ത്യ അവതരിപ്പിക്കുന്നതെന്ന് ആമസോൺ ഇന്ത്യയുടെ സെല്ലിംഗ് പാർട്ണർ സർവീസസ് ഡയറക്ടർ അമിത് നന്ദ പറഞ്ഞു.

വിശാലമായ ഉപഭോക്തൃ അടിത്തറ, ഇന്ത്യയിലെ സേവനയോഗ്യമായ പിൻ കോഡുകളിലെ 100% സേവനം, പതിനെട്ടോളം ആഗോള മാർക്കറ്റ് പ്ലെയ്സുകൾ തുടങ്ങി വ്യാപാരികൾക്ക് ലഭിക്കുന്ന ആമസോൺ മാർക്കറ്റ് പ്ലെയ്സുകളുടെ നേട്ടങ്ങളും ഈ വീഡിയോകളിലുണ്ട്. വീഡിയോയുടെ നിർമാണവും ആശയവും എനോർമസ് ബ്രാൻഡ്സ് എൽഎൽപിയുടേതാണ്.ഇകൊമേഴ്സ് വഴി ഇന്ത്യയിലുടനീളമുള്ള ചെറുകിട വ്യാപാരങ്ങളെ ശാക്തീകരിക്കുക എന്നതാണ് ആമസോണിന്റെ പ്രധാന ദൗത്യമെന്നും അദ്ദേഹം പറഞ്ഞു.

ആമസോൺ ഇന്ത്യയുടെ ദിഘോഗേ തോ ബിഘോഗേ കാമ്പയിൻ തങ്ങളുടെ ഇതുവരെയുള്ള ഏറ്റവും രസകരമായ പദ്ധതികളിൽ ഒന്നാണെന്ന് എനോർമസ് ബ്രാൻഡ്സ് എൽഎൽപി മാനേജിംഗ് പാർട്ണർ ആശിഷ് ഖസാഞ്ചി പറഞ്ഞു.

ടിവി, ഡിജിറ്റൽ, സോഷ്യൽ മീഡിയ ചാനലുകൾ ഉൾപ്പടെയുള്ള മീഡിയ പ്ലാറ്റ്ഫോമുകളിൽ ദിഘോഗേ തോ ബിഘോഗേ കാമ്പയിൻ ആസ്വദിക്കാം. ആമസോണുമായി ചേർന്ന് പ്രവർത്തിക്കാൻ താൽപര്യമുള്ള ചെറുകിട വ്യാപാരികൾ https://sell.amazon.in/ എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം.

# അപെക്സ് അൾട്ടിമ പ്രോടെക് അവതരിപ്പിച്ച് ഏഷ്യൻ പെയിന്റ്സ്

**കൊച്ചി:** കാലാവസ്ഥാ വ്യതിയാനങ്ങളെ ഫലപ്രദമായി നേരിടുന്നതിന് ഗ്രാഫീൻ പരിരക്ഷയുള്ള അപക്സ് അൾട്ടിമ പ്രോടെക് പെയിന്റ് അവതരിപ്പിച്ച് ഏഷ്യൻ പെയിന്റ്സ്. സുരാജ് വെഞ്ഞാറമൂട് കഥാപാത്രമാകുന്ന പരസ്യചിത്രം കമ്പനി പുറത്തിറക്കി. ഒഗിൽവി ഇന്ത്യയുടെ ആശയത്തിൽ ബേസിൽ ജോസഫ് സംവിധാനം ചെയ്യുന്ന പരസ്യചിത്രത്തിൽ ചെമ്പൻ വിനോദ് അഭിനയിക്കുന്നു.കരുത്തിനും ഈടുനിൽപ്പിനും പേരുകേട്ട ഗ്രാഫൈറ്റിൽ നിന്നും രൂപപ്പെടുത്തുന്ന ഗ്രാഫീൻ പെയിന്റിന് കൂടുതൽ ഈടും സമാനതകളില്ലാത്ത ഗുണനിലവാരവും ഉറപ്പുവരുത്തുന്നതായി ഏഷ്യൻ പെയിന്റ്സ്എംഡിയും സിഇഒയുമായ അമിത് സിങ്ങ്ളെ പറഞ്ഞു. കേരളത്തിലെ വീടുകൾ പായൽ, പൂപ്പൽ എന്നിവയുമായി നടത്തുന്ന ഏറ്റുമുട്ടലുകളെ രസകരമായി അവതരിപ്പിക്കുകയാണ് പരസ്യചിത്രത്തിലൂടെ.ഗ്രാഫീൻ എന്ന നൂതന എലാസ്റ്റോമെറിക് മെറ്റീരിയൽ അൾട്രാവയലറ്റ് രശ്മി കൊണ്ടുണ്ടാകുന്ന മങ്ങൽ, വിള്ളലുകൾ, ഈർപ്പം കൊണ്ടുണ്ടാകുന്ന കേടുപാടുകൾ എന്നിവയിൽ നിന്ന് ഭിത്തികൾക്ക് ദീർഘകാല സംരക്ഷണം ഉറപ്പാക്കുന്നു.ഗ്രാഫീൻ പരിരക്ഷയുള്ള അൾട്ടിമ പ്രോടെക് ഉപയോഗിച്ച്, പായലിനും പൂപ്പലിനുമെതിര കേരളത്തിലെ വീടുകൾക്ക് ഏറ്റവും ശക്തമായ സംരക്ഷണം നൽകുന്നുതായും ഏഷ്യൻ പെയിന്റ്സ്എംഡിയും സിഇഒയുമായ അമിത് സിങ്ങ്ളെ പറഞ്ഞു.

